കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

## അരൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് – 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി2-1252/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 09.11.2016

ഫോൺ – 0477 2252753

ഇ–മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അരൂർ ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ-എ.എൽ.പി-പി2-1252/16 തീയതി: 09.11.2016

# ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.07.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 17.10.2016 മുതൽ 26.10.2016 വരെ | ശ്രീ. രാജീവ് ആർ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| | ശ്രീ. സുരേഷ് എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സി.സി.ജ്യോതിമോൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.ജി. രാജേഷ് , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. സി.കെ പുഷ്പൻ | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| 3 | ശ്രീമതി.ബി.രത്നമ്മ | 19.11.2015 മുതൽ 31.03.2016 വരെ |

2.സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. എസ്. വേണുഗോപാൽ | 01.04.2015 മുതൽ 21.07.2015 എഫ്. എൻ വരെ |
| 2 | ശ്രീ. ജോജോസ് ബൈജു | 21.07.2015 മുതൽ 31.03.2016 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | |
|---|---|---|
| ധനകാര്യം | ശ്രീമതി. റ്റി. ആർ. തിലകമ്മ | 01.04.2015 - 31.10.2015 |
| | ശ്രീ.കെ.ആർ. നന്ദകുമാർ | 19.11.2015 - 31.03.2016 |
| വികസനകാര്യം | ശ്രീ. എസ്. കെ ചന്ദ്രബാബു | 01.04.2015 - 31.10.2015 |
| | ശ്രീമതി.ഉഷ അഗസ്റ്റിൻ | 19.11.2015 - 31.03.2016 |
| ക്ഷേമകാര്യം | ശ്രീമതി. റാഷിദ മുഹമ്മദ് | 01.04.2015 - 31.10.2015 |
| | ശ്രീ. അലക്സ് | 19.11.2015 - 31.03.2016 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ. എം.വി സുരേന്ദ്രൻ | 01.04.2015 - 31.10.2015 |
| | ശ്രീമതി. എൻ.എം.സജിത | 19.11.2015 - 31.03.2016 |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.അനൂപ്.എം. പി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.മനോജ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ഉഷാദേവി.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. എ. ജയൻ | 01.04.2015 മുതൽ 20.02.2016 വരെ |
| | ഡോ.ദിവ്യ സി.ബി | 20.02.16 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഹേമ ട്രീസ മാത്യു | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഷീലാമ്മ .പി. എക്സ് | 01.04.2015 മുതൽ 22.08.2015 വരെ |
| | ശ്രീമതി. പി.സി വൽസലാമ്മ | 22.08.2015 മുതൽ 23.12.2015 വരെ |

| | | |
|---|---|---|
| | ശ്രീമതി.ജയകല പി.വി | 23.12.2015 മുതൽ 31.03.2016 വരെ |
| പ്രധാന അധ്യാപിക, എൽ.പി.എസ്. | ശ്രീമതി. സൗദാ ബീവി | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. N.N. അനിൽ കുമാർ | 01.04.2015 മുതൽ 18.06.2015 വരെ |
| | ശ്രീ.തോമസ് ഡിക്രൂസ് | 18.06.2015 മുതൽ 05.08.2015 വരെ |
| | ശ്രീ.ഹരിലാൽ .കെ | 05.08.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. കെ. എ. അനിൽ കുമാർ (അത്തൂർ സെൻട്രൽ) | 01.04.2015 മുതൽ 31.03.2016 വരെ |
| | ശ്രീ. വൈ. ഉണ്ണിക്കുട്ടൻ (ചന്തിരൂർ) | 01.04.2015 മുതൽ 31.03.2016 വരെ |
| | ശ്രീമതി ലാലി. പി | 01.04.2015 മുതൽ 07.09.2015 വരെ |
| | ശ്രീ. കെ. എ. അനിൽ കുമാർ (ചാർജ്) | 07.09.2015 മുതൽ 23.09.2015 വരെ |
| | ശ്രീ. അനിഷ് കെ.ആർ (അത്തൂർ) | 23.09.2015 മുതൽ 31.03.2016 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി. സീതാലക്ഷ്മി.B.S | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.കെ ശോഭ | 01.04.2015 മുതൽ 31.03.2016 വരെ |

*ഉള്ളടക്കം*

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം - 1 | | |
| 1 | 1-1 | പൊതു അവലോകനം |
| ഭാഗം - 2 | | |
| 2 | 2-1 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല |
| 3 | 2-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല |
| 4 | 2-3 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല - വരുമാന നഷ്ടം |
| 5 | 2-4 | പുനർലേലം നടത്തിയില്ല- വരുമാന നഷ്ടം |
| 6 | 2-5 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

| | | |
|---|---|---|
| 7 | 2-6 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല |
| 8 | 2-7 | പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക കൃത്യമായി ഈടാക്കുന്നില്ല |
| 9 | 2-8 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ് |
| ഭാഗം - 3 | | |
| 10 | 3-1 | എസ്.എൽ.ഐ. പ്രീമിയം തുകകൾ ബില്ലുകളിൽ നിന്നും കിഴിവ് ചെയ്യുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. |
| 11 | 3-2 | അനധികൃതമായി ഹാജരാകാതിരുന്നത് ക്രമപ്പെടുത്താതെ ശമ്പളം അനുവദിച്ചു- അവധിയായി ക്രമപ്പെടുത്തിയത് ഒരു വർഷത്തിനു ശേഷം! |
| 12 | 3-3 | ഡയസ് നോൺ ബാധകമായ ദിവസത്തെ ശമ്പളം കുറവ് ചെയ്തില്ല |
| 13 | 3-4 | വാഹന ഉപയോഗം,പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് |
| 14 | 3-5 | വെള്ളക്കരമിനത്തിൽ അധിക തുക വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നു- ലക്ഷങ്ങൾ പഞ്ചായത്തിനു നഷ്ടം |
| 15 | 3-6 | മഴക്കാല പൂർവ്വ ശുചീകരണം-അപാകതകൾ |
| 16 | 3-7 | വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 17 | 3-8 | മീഡിയശ്രീ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 18 | 3-9 | തെരുവ് വിളക്കുകളുടെ വാങ്ങൽ, അറ്റകുറ്റപ്പണി- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. |
| 19 | 3-10 | ഫ്ലാറ്റു നിർമ്മാണം- വേണ്ടത്ര പഠനം നടത്തിയില്ല- പദ്ധതി അനിശ്ചിതത്വത്തിൽ |
| 20 | 3-11 | ഹെവി എക്യൂപ്മെന്റ് ഡ്രൈവിംഗ് പരിശീലനം-മാനദണ്ഡങ്ങൾ പാലിക്കാതെ തുക നല്കി |
| 21 | 3-12 | ഭവന പുനരുദ്ധാരണം -അനർഹരായവർക്ക് ആനുകൂല്യം നൽകി. |
| 22 | 3-13 | ഭവന നിർമ്മാണം- ആനുകൂല്യംകൈപ്പറ്റിയവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. |
| 23 | 3-14 | ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി.)- അനർഹരായവർക്ക് ആനുകൂല്യം നൽകി |

| | | |
|---|---|---|
| 24 | 3-15 | നിർമ്മാണം പൂർത്തിയാക്കാത്ത വീടുകൾക്ക് ധനസഹായം |
| 25 | 3-16 | നെഹ്റു ഭവന നിർമ്മാണ പദ്ധതി |
| 26 | 3-17 | ഭവന പുനരുദ്ധാരണം- അനധികൃതമായി നിർമ്മിച്ച വീടുകൾക്ക് ധനസഹായം നൽകി. |
| 27 | 3-18 | പാലിയേറ്റീവ് നഴ്സിന്റെ നിയമനം വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 28 | 3-19 | പാലിയേറ്റീവ് പരിചരണ പദ്ധതി - ഹോംകെയർ നടത്താത്ത ദിനങ്ങളിലും വാഹനവാടക നല്കി |
| 29 | 3-20 | ആവശ്യകതാ നിർണ്ണയം നടത്താതെ വൻതോതിൽ മരുന്നുകൾ വാങ്ങിക്കൂട്ടുന്നു |
| 30 | 3-21 | സ്കൂൾ കുട്ടികൾക്ക് പഠനോപകരണ വിതരണം - അപാകതകൾ |
| 31 | 3-22 | പട്ടികജാതിക്കാർക്ക് ഓട്ടോ ടാക്സി വിതരണം- മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി. |
| 32 | 3-23 | ഫർണ്ണീച്ചർ വാങ്ങൽ- ടെണ്ടർ നടപടിക്രമം പാലിക്കാതെ കൂടിയ നിരക്കിൽ വാങ്ങിയതു മൂലം അധിക ചെലവ് |
| 33 | 3-24 | താറാവ് വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 34 | 3-25 | കൺവീനറുടെ കണക്കുകൾ പരിശോധിക്കാതെ തുക അനുവദിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു. |
| 35 | 3-26 | ഡി.എ.ആറിൽ ഉൾപ്പെട്ട ഇനത്തിന് ഒബ്സർവ്ഡ് ഡേറ്റ നിരക്കിൽ തുക അനുവദിക്കുന്നു |
| 36 | 3-27 | മൊബലൈസേഷൻ അഡ്വാൻസ് നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവർത്തിപൂർത്തീകരിച്ചിട്ടില്ല. |
| 37 | 3-28 | ബ്ലായിപ്പറമ്പ് റോഡ് ടാറിംഗ്- പൈപ്പിന്റെ വ്യാപ്തം കുറവ് ചെയ്തില്ല. |
| 38 | 3-29 | മനോരമ -തോട്ടങ്കര കാണ നിർമ്മാണം - -കൺവീനറുടെ കൈവശം അധികം നിൽക്കുന്നത് 19120/- രൂപ. |
| 39 | 3-30 | മുളക്കപ്പറമ്പ് പുല്ലുവേലി റോഡ് മെറ്റലിംഗ് -സ്റ്റോൺ അഗ്രഗേറ്റ് സ്റ്റാക്ക് ക്വാണ്ടിറ്റിക്ക് പണം നൽകി. |

| | | |
|---|---|---|
| 40 | 3-32 | ആയുർവ്വേദ ആശുപത്രി മെയിന്റനൻസ്- വിൽപന നികുതി അധികം നൽകി. |
| 41 | 3-32 | ഭവന പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി ആനുകൂല്യം കൈപ്പറ്റിയവർ വീട് പുനരുദ്ധരിക്കുന്നതിന് പകരം വീട്/ ബാത്ത് റൂം നവീകരിച്ചതായി കാണുന്നു. |
| ഭാഗം - 4 | | |
| 42 | 4-1 | വാർഷിക കണക്കുകളുടെ പരിശോധനാ വിവരം |
| 43 | അനുബന്ധം – 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 187229900 | 193702056 |
| വാർഷിക കണക്ക് പ്രകാരം | 101261544.81 | 119849125 |

2015-16 വർഷത്തെ അംഗീകരിച്ച ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വരവിൽ 85300824/- രൂപയുടേയും ചെലവിൽ 73852931/- രൂപയുടേയും വ്യത്യാസം കാണുന്നു. ദീർഘ വീക്ഷണത്തോടുകൂടി ബജറ്റ് തയ്യാറാക്കത്തതിന്റെ പ്രതിഫലനമാണിത്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2015 | 27.07.2015 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26547943.81 |
| വരവ് | 101261544.81 |
| ആകെ | 127809487.81 |
| ചെലവ് | 119849125 |
| നീക്കിയിരിപ്പ് | 7960362.81 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4532332 | 18990655 | 23522987 | 19734524 | 3788463 | 83.89% |
| വികസനഫണ്ട് എസ്.സി.പി. | 2712958 | 7903000 | 10615958 | 7996963 | 2618995 | 75.33% |
| വികസനഫണ്ട് ടി.എസ്.പി. | 102000 | 275000 | 377000 | 334304 | 42696 | 88.67% |
| സംരക്ഷണഗ്രാന്റ് റോഡ് | 1843221 | 9700000 | 11543221 | 9007572 | 2535649 | 78.03% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1253421 | 5119000 | 6372421 | 4785695 | 1586726 | 75.10:% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3407249 | 7098223 | 10505472 | 8908481 | 1596991 | 84.80% |
| പെർഫോമൻസ് ഗ്രാന്റ് | 5360139 | 0 | 5360139 | 5040974 | 319165 | 94.05% |
| എം.എൻ.ആർ. ഇ. ജി.എസ്. | 120286.5 | 20415851 | 20536137.50 | 20534418 | 1719.50 | 99.78:% |
| ബി. ഫണ്ട് | 0 | 40893565 | 40893965 | 40893965 | 0 | 100% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 300 | 155 | 53 | 92 | 51.67 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.42% വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 13374421 | 13395239 | 20818 | 00.16 |
| നികുതിയേതര വരവുകൾ | 3866216 | 3866216 | 238253 | 6.57 |
| മറ്റ് വരവുകൾ | 10811249 | 11441982 | 630733 | 5.51 |
| കോൺട്രാക്ടേഴ്സ് റിടെൻഷൻ | 261448 | 474669 | 213221 | 44.92 |
| ഡെപ്പോസിറ്റ് | 395323 | 257900 | 137423 | 53.29 |
| ആകെ | 28708657 | 29197753 | 413298 | 1.42 |

കുറിപ്പ് : പഞ്ചായത്ത് ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മുൻവർഷത്തെയും തൻവർഷത്തെയും തുകകൾ കാണിച്ചിട്ടുള്ളത്.

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | 2015-16 ൽ ലഭിച്ച അപേക്ഷകൾ | സമയ പരിധിക്കുള്ളിൽ തീരുമാനമായത് | നിരസിച്ചവ |
|---|---|---|---|---|---|
| തൊഴിൽരഹിത വേതനം | 465120 | 238 | 61 | 61 | 3 |
| കർഷകതൊഴിലാളിപെൻഷൻ | 2280420 | 267 | 17 | 17 | 3 |
| വിധവാപെൻഷൻ | 13541680 | 1293 | 165 | 165 | 29 |
| വാർദ്ധക്യകാല പെൻഷൻ | 19337880 | 2816 | 844 | 844 | 74 |

| | | | | | |
|---|---|---|---|---|---|
| വികലാംഗ പെൻഷൻ | 4238400 | 397 | 21 | 21 | 0 |
| അവിവാഹിത പെൻഷൻ | 581200 | 63 | 7 | 7 | 1 |
| വിവാഹ ധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 330000 | 11 | 13 | 13 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 68,794/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.07.2009 ലെ ജി.ഒ(എം.എസ്)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ വസ്തുനികുതി ഡിമാന്റ്, അസസ്മെന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം മൊബൈൽ ടവറുകളുടെയും നികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല.വസ്തുനികുതി , പെർമിറ്റ് എന്നിവ അനുവദിക്കുന്ന ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഡി& ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേര് പോലുള്ള അത്യാവശ്യ രേഖപ്പെടുത്തലുകളില്ല സൂക്ഷിക്കുന്നില്ല. തനത് വരുമാനസ്രോതസ്സിൽ നിന്നുള്ള വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്.ഫീൽഡ് ലെവലിലെ നികുതി പിരിവ് നാമമാത്രമാണ്. നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെ നിയമപരമായ തുടർ നടപടികളൊന്നും സ്വീകരിക്കുന്നില്ല.ഓരോ ഇനത്തിലും പിരിച്ചെടുക്കേണ്ട നികുതിയുടെയും കുടിശ്ശികയുടെയും കൃത്യമായ വിവരങ്ങളില്ല.ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഗുരുതരമായ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.10.2016 | 09/16 | 05/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2014 | 2012-13 | 23.06.14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തെ വസ്തുനികുതി പിരിവ് പരിശോധിച്ചതിൽ ഇരുപതിനായിരത്തിലധികം കെട്ടിടങ്ങൾ ഉള്ള പഞ്ചായത്തിൽ, വസ്തുനികുതി പിരിക്കുന്നതിന് ആവശ്യമായ അടിസ്ഥാന രേഖകളായ അസ്സസ്സ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. ലഭ്യമാക്കിയ ഡി.സി.ബി പ്രകാരം ഡിമാന്റിന്റെ 39% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. 1.85 കോടി രൂപ നികുതി പിരിക്കാനുള്ളതിൽ 72.66 ലക്ഷം മാത്രമാണ് പിരിച്ചെടുത്തത്. പഞ്ചായത്തിന്റെ കീഴിൽ ഇരുപതിനായിരത്തിലധികം കെട്ടിടങ്ങളും ധാരാളം വ്യവസായശാലകളും ഉള്ളതിനാൽ സമയബന്ധിതമായി വസ്തു നികുതികൾ കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിക്കാതെ വന്നതിനാലും സഞ്ചയ സോഫ്റ്റ് വെയറിൽ എല്ലാ കെട്ടിടങ്ങളുടേയും വിവരങ്ങൾ ഫോം 6 ൽ എൻട്രി ചെയ്യാൻ കഴിയാത്തതിനാലുമാണ് അസ്സസ്സ്മെന്റ് ശരിയായി തയ്യാറാക്കുവാൻ സാധിച്ചിട്ടില്ലാത്തതെന്നാണ് വിശദീകരണം നൽകിയത്. വസ്തുനികുതി പിരിവ് കുറഞ്ഞതിനാൽ തനത് വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്. 2015-16 ലെ വസ്തു നികുതി മാത്രം 1.12 കോടി രൂപ പിരിച്ചെടുക്കുവാൻ ബാക്കിയുള്ളത് ഗുരുതരമായ വീഴ്ചയാണ്. ആയതിനാൽ ഫോം 6 എൻട്രി, അസ്സസ്സ്മെന്റ് & ഡിമാന്റ് /കുടിശ്ശിക രജിസ്റ്ററുകൾ എന്നിവ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുകയും ഫീൽഡിലെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പുതുക്കിയ വസ്തുനികുതി സംബന്ധിച്ച വിജ്ഞാപനപ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതിയായി ചതുരശ്രമീറ്ററിന് 500/- രൂപ ഈടാക്കാവുന്നതാണ്. എന്നാൽ ഈയിനത്തിൽ നാമമാത്രമായ തുകയാണ് പഞ്ചായത്തിന് വരവുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുരുക്കം മൊബൈൽ ടവറുകളിൽ നിന്നും മാത്രമാണ് നികുതി നിർണ്ണയിച്ച് ഈടാക്കുന്നത്. മറ്റ് ടവറുകളെ സംബന്ധിച്ച യാതൊരു വിവരങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല. പെർമിറ്റ് നൽകിയിട്ടുള്ളതോ പ്രവർത്തിക്കുന്നതോ ആയ മൊബൈൽ ടവറുകളുടെ എണ്ണം, വസ്തുനികുതി ഡിമാന്റ് ചെയ്തത് സംബന്ധിച്ച രേഖകൾ, പിരിച്ചെടുത്തതും ലഭിക്കാനുള്ളതുമായ തുക എന്നിവ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്ത എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി നിർണ്ണിയിച്ച് കുടിശ്ശിക സഹിതം ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല - വരുമാന നഷ്ടം

വ്യാവസായിക നഗരമായ കൊച്ചിയുടെ ഉപഗ്രഹനഗരമായി വികസിച്ചു വരുന്ന അരൂരിൽ സമുദ്രോത്പന്ന കയറ്റുമതി മേഖലയുൾപ്പെട്ട ചെറുതും വലുതുമായ ധാരാളം കച്ചവടസ്ഥാപനങ്ങളും, വ്യവസായ സ്ഥാപനങ്ങളുമുണ്ട്. അരൂർ പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിക്കാത്തതിനാൽ ഡി ആന്റ് ഒ ലൈസൻസ് ഫീ ഇനത്തിലും തൊഴിൽ നികുതിയിനത്തിലും പഞ്ചായത്തിന് വൻ വരുമാന നഷ്ടമാണ് ഉണ്ടാകുന്നത്. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ 2015-16 കാലയളവിൽ ഫീസിനത്തിൽ ലഭിച്ച തുക മാത്രമാണ് ഡിമാൻറായി കണക്കിലെടുത്തിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്ത ധാരാളം സ്ഥാപനങ്ങൾ പ്രാദേശിക പരിശോധയിൽ കണ്ടെത്തിയിട്ടുണ്ട്. ഡ്രൈവിംഗ് സ്കൂളുകൾ, ജ്യൂവലറികൾ, കള്ളുഷാപ്പുകൾ, ബേക്കറികൾ, ഐസ് ഫാക്ടറികൾ, വാഹനപുക പരിശോധനകേന്ദ്രങ്ങൾ എന്നിവയിൽ നിന്ന് ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കാത്തതുമൂലം വലിയ വരുമാന നഷ്ടം

പഞ്ചായത്തിന് സംഭവിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റിൽ സ്ഥാപനത്തിന്റെ പേര് ഉൾപ്പടെയുള്ള സുപ്രധാനമായ വിവരങ്ങളില്ല. വാർഡടിസ്ഥാനത്തിലുള്ള ലിസ്റ്റ് അല്ലാത്തതിനാൽ വിട്ടുപോയ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങളില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിക്കുവാനും വരുമാന ചോർച്ച തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പുനർലേലം നടത്തിയില്ല- വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ ലേല നടപടികൾ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ അരൂർ പബ്ലിക് മാർക്കറ്റിൽ പണിതിട്ടുള്ള താത്കാലിക ഷെഡിലെ 3 മുറികൾ, ഗ്രാമപഞ്ചായത്തിലെ പരസ്യനികുതി, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞുകിടക്കുന്ന മുറികൾ, പൊതുശ്മശാനം എന്നിവയുടെ കുത്തകാവകാശം 19.03.2015 ൽ പരസ്യലേലം നടത്തിയിരുന്നു. എന്നാൽ ഇതിൽ പബ്ലിക് മാർക്കറ്റിൽ പണിതിട്ടുള്ള താത്കാലിക ഷെഡിലെ ഒരു മുറി മാത്രം ലേലത്തിൽ പോയതായാണ് ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റിനങ്ങളുടെ പുനർലേലം നടത്തിയില്ല. ദേശീയപാതയ്ക്കിരുവശവുമായി സ്ഥിതിചെയ്യുന്ന, അരൂർ ഗ്രാമപഞ്ചായത്തിൽ നിരവധി വൻ പരസ്യങ്ങളും കമാനങ്ങളും ഉള്ളതായി ഭൗതിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യ കമ്പനികളിൽ നിന്നും യാതൊരു നികുതിയും പഞ്ചായത്ത് ഈടാക്കി വരുന്നില്ല. വൻകിട സ്ഥാപനങ്ങളുടേതുൾപ്പെടെ നിരവധി പരസ്യങ്ങൾ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രദർശിപ്പിച്ചിട്ടും അവരിൽ നിന്നും പരസ്യനികുതി ഈടാക്കാതിരുന്നതിന്റെ കാരണവും പരസ്യനികുതി, കടമുറി വാടക പോലുള്ള വരവിനങ്ങളുടെ പുനർലേലം നടത്താതെ വരുമാന നഷ്ടം വരുത്തിയതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പരസ്യനികുതി ഉൾപ്പടെയുള്ള വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ തൊഴിൽ, കല, ജോലി എന്നിവയിലേർപ്പെട്ടുകയോ ഉദ്യോഗം വഹിക്കുന്നതോ ആയ എല്ലാവരും നിയമപ്രകാരമുള്ള വരുമാന സ്ലാബിനനുസൃതമായ തൊഴിൽ നികുതി നൽകേണ്ടതാണ്. അരൂർ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക | |
|---|---|---|---|
| 1 | ബിവറേജസ് കോർപ്പറേഷൻ , അരൂർ | 2015-16 1st Half | 2nd half Rs.9930 |
| 2 | കാപ്സലേഷൻ ഫാർമസ്യൂട്ടിക്കൽസ് | 2015-16 2nd Half | 1st Half Rs.36125/- |
| 3 | കോളുതറ എക്സ്പോർട്ട്സ് | 2015-16 2nd Half | 1st Half Rs.27950/- |
| 4 | കൊശമറ്റം ഫിനാൻസ് | 2015-16 1st Half | 2nd half Rs.1500/- |
| 5 | TDB, അരൂർ ദേവസ്വം | 2015-16 1st Half | 2nd half Rs.9500/- |
| 6 | സൈദ പോളി ലാമിനേറ്റ്സ് | 2015-16 2nd Half | |

| | | | |
|---|---|---|---|
| 7 | ശ്രീറാം ഡിസ്ട്രിബ്യൂട്ടേഴ്സ് | 2015-16 2nd Half | |
| 8 | ജിയോ അക്വാട്ടിക് പ്രോഡക്ട്സ് | 2015-16 1st Half | |
| 9 | ചെറുകാട്ട് ഇൻഡസ്ട്രീസ് | 2015-16 1st Half | |
| 10 | അസി.എഞ്ചിനീയർ, LSGD | 2015-16 1st Half | |
| 11 | അബൂബക്കർ ഡന്റൽ ക്ലിനിക് | 2015-16 1st Half | |
| 12 | ആഗ്നൽ ഇൻഡസ്ട്രീസ് | 2015-16 2nd Half | |
| 13 | റിഫോംസ് | 2015-16 1st Half | |
| 14 | രാജവൽസം | 2015-16 1st Half | |
| 15 | ആശീർവാദ് മൈക്രോഫിനാൻസ് | 2015-16 1st Half | |

അരൂർ സതേൺ റയിൽവേ സ്റ്റേഷനിലെ 17 ജീവനക്കാരുടെ തൊഴിൽ നികുതിയായി 14000/- രൂപയാണ് 2015-16 1st Half ൽ നൽകിയത്. എന്നാൽ രണ്ടാം അർദ്ധവർഷം ഒരു ജീവനക്കാരന്റെ നികുതിയായ 1250/- രൂപയാണ് നൽകിയിട്ടുള്ളത്. അരൂർ സെന്റ് അഗസ്റ്റിൻസ് HSS ലെ ശ്രീ. ഹാൻസൺ സി.ജെ, UPSA, ശ്രീ.ജോസ് അനൂപ് എം.എസ്, HSA, ശ്രീ.ജോൺ പി. ജി, ക്ലർക്ക് എന്നിവരുടെ രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയതായി രേഖയില്ല. കൂടാതെ സമുദ്ര എഞ്ചിനീയറിംഗ്, അരൂർ, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ പമ്പ്, അരൂർ, ഹിന്ദുസ്ഥാൻ പെട്രോളിയം പമ്പ്, അരൂർ, പട്ടികജാതി വികസന സഹകരണ സംഘം, ഡ്രൈവിംഗ് സ്കൂളുകൾ, നീതി സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡ്രൈവർമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, സ്വീപ്പർമാർ എന്നിവരുടെ നികുതിയും ഈടാക്കിയിട്ടില്ല. നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാനും നികുതി നൽകാത്തവരിൽ നിന്നും നിയമപ്രകാരമുള്ള തുടർ നടപടികളിലൂടെ തുക ഈടാക്കാനും തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപനനികുതി കുടിശ്ശിക | തുക |
|---|---|---|---|
| 1 | മംഗള മറൈൻ എക്സിം ഇന്ത്യ | 2015-16 2nd Half | 1250 |
| 2 | ബാറ്റ്സൺ അക്വാട്ടിക് പ്രോഡക്ട്സ് | 2015-16 2nd Half | 1250 |
| 3 | ഭഗവതി ഗ്യാസ്, അരൂർ | 2015-16 1st & 2nd Half | 2500 |
| 4 | പ്രീമിയർ എക്സ്പോർട്ട്സ്, ചന്തിരൂർ | 2015-16 1st & 2nd Half | 2500 |

| | | | |
|---|---|---|---|
| 5 | ലാഭം മാർക്കറ്റ്, അരൂർ | 2015-16 1st & 2nd Half | 2500 |
| 6 | ബി.എസ്.എൻ.എൽ, അരൂർ | 2015-16 1st & 2nd Half | 2500 |
| 7 | ബിവറേജസ് കോർപ്പറേഷൻ, അരൂർ | 2015-16 1st & 2nd Half | 2500 |
| 8 | മംഗള സീ ഫുഡ്സ്, അരൂർ | 2015-16 2nd Half | 1250 |
| 9 | മംഗള സീ ഫുഡ്സ് പ്രോഡക്ട്സ്, അരൂർ | 2015-16 1st & 2nd Half | 2500 |
| 10 | കെ.എസ്.എഫ്.ഇ, അരൂർ | 2015-16 1st & 2nd Half | 2500 |
| 11 | കരീം ഫുഡ്സ് പ്രൈവറ്റ് ലി. | 2015-16 2nd Half | 1250 |
| 12 | മുത്തൂറ്റ് ഫൻകോർപ്പ്, അരൂർ | 2015-16 1st & 2nd Half | 2500 |
| 13 | മുത്തൂറ്റ് ക്യാപിറ്റൽ സർവ്വീസസ് | 2015-16 1st & 2nd Half | 2500 |
| 14 | ജില്ലാസഹകരണ ബാങ്ക്, അരൂർ | 2015-16 2nd Half | 1250 |
| 15 | മാലി കെമി ഇൻഡസ്ട്രീസ് | 2015-16 2nd Half | 1250 |
| 16 | എസ്.ബി.റ്റി, അരൂർ | 2015-16 2nd Half | 1250 |
| 17 | കാപ്സൂലേഷൻ & ഫാർമസ്യൂട്ടിക്കൽസ് | 2015-16 1st & 2nd Half | 2500 |
| 18 | കാനറ ബാങ്ക്, അരൂർ | 2015-16 1st Half | 1250 |
| 19 | സരസ്വതി മെറ്റൽസ്, അരൂർ | 2015-16 1st & 2nd Half | 2500 |
| 20 | യൂണിവേഴ്സൽ ഓലീയോറിസൈൻസ് | 2015-16 1st Half | 1250 |
| 21 | ICICI ബാങ്ക്, അരൂർ | 2015-16 1st & 2nd Half | 2500 |
| 22 | അബാദ് എക്സ്പോർട്ട്സ് (കോൾഡ് സ്റ്റോറേജ്) | 2015-16 1st & 2nd Half | 2500 |
| 23 | അബാദ് എക്സ്പോർട്ട്സ്, അരൂർ | 2015-16 1st & 2nd Half | 2500 |
| 24 | അബാദ് ഫിഷറീസ് | 2015-16 1st & 2nd Half | 2500 |

| | | | |
|---|---|---|---|
| 25 | കോളതറ എക്സ്‌പോർട്ട്സ് | 2015-16 1st & 2nd Half | 2500 |
| 26 | പെൻവർ പ്രോജക്ടസ് (പ്രൈവറ്റ്) ലിമി. | 2015-16 1st & 2nd Half | 2500 |
| 27 | ജോവൻ ഫുഡ്സ് & ട്രേഡിംഗ് | 2015-16 2nd Half | 1250 |
| 28 | എലൈറ്റ് ഫുഡ്സ്,അത്രൂർ | 2015-16 2nd Half | 1250 |
| 29 | അശ്വതി സ്പൺ പൈപ്പ്സ് അത്രൂർ | 2015-16 2nd Half | 1250 |
| 30 | കൊശമറ്റം ഫിനാൻസ് | 2015-16 1st & 2nd Half | 2500 |
| 31 | കോഡ് ഇൻഡസ്ട്രിയൽ കെമിക്കൽസ് | 2015-16 1st & 2nd Half | 2500 |
| 32 | കെൽട്രോൺ ടൂൾ റൂം | 2015-16 2nd Half | 1250 |
| 33 | മണപ്പുറം ഫിനാൻസ് | 2015-16 1st & 2nd Half | 2500 |
| 34 | സൂപ്പർ പാക്കേജിംഗ് ഇൻഡസ്ട്രീസ് | 2015-16 1st & 2nd Half | 2500 |
| 35 | വിസ്റ്റ ഡ്രൈവ്ലൈൻ മോട്ടോർസ് | 2015-16 1st & 2nd Half | 2500 |
| 36 | ഫെയർ എക്സ്‌പോർട്ട്സ് | 2015-16 1st & 2nd Half | 2500 |
| 37 | പാറയിൽ ഫുഡ് പ്രോഡക്ട്സ് | 2015-16 1st & 2nd Half | 2500 |
| 38 | കൊച്ചിൻ ഫ്രോസൺ ഫുഡ് എക്സ്‌പോർട്ട്സ് | 2015-16 2nd Half | 1250 |
| 39 | ചന്തിരൂർ സർവ്വീസ് സഹകരണ ബാങ്ക് | 2015-16 2nd Half | 1250 |
| 40 | ഇസാഫ് മൈക്രോഫിനാൻസ് | 2015-16 2nd Half | 1250 |
| 41 | അത്രൂർ സെൻട്രൽ SCB no-617 | 2015-16 2nd Half | 1250 |
| 42 | ബേബി മറൈൻ ഈസ്റ്റേൺ എക്സ്‌പോർട്ട്സ് | 2015-16 2nd Half | 1250 |
| 43 | ബ്രിസ്റ്റോൾ ബോട്ട്സ് | 2015-16 1st & 2nd Half | 2500 |
| 44 | ശ്രീറാം ഡിസ്ട്രിബ്യൂട്ടേഴ്സ് | 2015-16 2nd Half | 1250 |

| | | | |
|---|---|---|---|
| 45 | ജിയോ അക്വാട്ടിക് പ്രോഡക്ട്സ് | 2015-16 1st & 2nd Half | 2500 |
| 46 | ഹൈടെക് കോട്ടിംഗ്സ്,അരൂർ | 2015-16 1st Half | 1250 |
| 47 | ചെറുകാട്ട് ഇൻഡസ്ട്രീസ് | 2015-16 1st Half | 1250 |
| 48 | ഇന്റഗ്രേറ്റഡ് റൂബിയൻ എക്സ്പോർട്ട്സ് | 2015-16 1st & 2nd Half | 2500 |
| 49 | സീ ഫ്രെഷ് എക്സ്പോർട്ട്സ് | 2015-16 1st & 2nd Half | 2500 |
| 50 | സിൻഡിക്കേറ്റ് ബാങ്ക് അരൂർ | 2015-16 1st & 2nd Half | 2500 |
| 51 | ഡോൾഫിൻ വയേഴ്സ് Pvt Ltd | 2015-16 2nd Half | 1250 |
| 52 | ഗ്രാന്റ് മറൈൻ ഫുഡ്സ് | 2015-16 1st Half | 1250 |
| 53 | മെർക്ക് മോട്ടോർസ് | 2015-16 1st Half | 1250 |
| 54 | ഹിസ്പാൻ ബിൽഡേഴ്സ് | 2015-16 2nd Half | 1250 |
| 55 | ആർബി അക്വാട്ടിക് പ്രോട്ടീൻസ് | 2015-16 1st Half | 1250 |
| 56 | എസ്സെൽ | 2015-16 1st Half | 1250 |
| 57 | അക്വാജനോ എക്സി | 2015-16 1st & 2nd Half | 2500 |
| 58 | ഫാബ് ഇൻഡ്യ ഓവർസീസ് | 2015-16 2nd Half | 1250 |
| 59 | അരൂർ ഗ്രാമീണ സർവ്വീസ് ബാങ്ക് | 2015-16 1st & 2nd Half | 2500 |
| 60 | റിഫോംസ് | 2015-16 1st & 2nd Half | 2500 |
| 61 | രാജവൽസം മോട്ടോർസ് | 2015-16 1st Half | 1250 |
| 62 | ആശീർവാദ് മൈക്രോഫിനാൻസ് | 2015-16 1st Half | 1250 |
| | ആകെ | | 117500 |

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും

60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയോ വ്യവസായമോ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി നൽകേണ്ടതാണ്.അരൂർ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽസൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ നികുതി നല്കിയിട്ടുള്ള പല സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി മാത്രം ഈടാക്കാത്തത് പഞ്ചായത്തിന് സംഭവിച്ച വീഴ്ചയാണ്. പഞ്ചായത്തിലെ തൊഴിൽ നികുതി സ്ഥാപന രജിസ്റ്ററിൽ സ്ഥാപനതൊഴിൽനികുതി സംബന്ധമായ രേഖപ്പെടുത്തലുകളൊന്നും വരുത്തുന്നില്ല. ഇത് മൂലം നികുതി നൽകുന്നതും അല്ലാത്തതുമായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ക്രോഡീകരിക്കാൻ സാധിക്കുന്നില്ല. സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 2-7 പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക കൃത്യമായി ഈടാക്കുന്നില്ല

അരൂർ ഗ്രാമപഞ്ചായത്തിൽ കടമുറി, സ്റ്റാൾ, ബങ്ക് എന്നീ വിഭാഗങ്ങളിലായി 60 കെട്ടിടങ്ങൾ വാടകക്ക് നൽകുന്നുണ്ട്. കെട്ടിടവാടക സംബന്ധിച്ച രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴപ്പറയുന്ന കെട്ടിടങ്ങളുടെ വാടക ഇനിയും പിരിച്ചെടുക്കാത്തതായി കണ്ടെത്തിയിട്ടുണ്ട്.

| കെട്ടിട നം | വാടകക്കാരന്റെ പേര് | മാസവാടക | കുടിശ്ശിക | റിമാർക്ക്സ് |
|---|---|---|---|---|
| എഫ് -2 | സതീശൻ,തോപ്പിൽ | 2681/- | 30,420/- | |
| എസ് -2 | കെ.എ സാജൻ , കരികാണത്തിൽ | 1000/- | 5,000/- | |
| എസ്-7 | സുബിമോൻ, കുടക്കുത്തുംപറമ്പ് | 1575/- | 18,900/- | |
| എസ്-9 | രവീന്ദ്രൻ, പുത്തൻതറനികർത്ത് | 445/- | 4,916/- | |
| എസ്-11 | ഗായത്രി സ്മിത | 650/- | 4,550/- | |
| ബി-10 | സരസ്സൻ | 70/- | 840/- | |
| Stall I A | മുരളി,പോളാട്ട് ഹൗസ് | 9000/- | 9000/- | |
| | അരൂർ ഉൾനാടൻ മൽസ്യത്തൊഴിലാളി സഹകരണ സംഘം | 7,040/- | 42,240/- | |
| | അരൂർ ഉൾനാടൻ മൽസ്യത്തൊഴിലാളി സഹകരണ സംഘം | 7,040/- | 42,240/- | |

| | | | | |
|---|---|---|---|---|
| | | | | |
| | പ്രസിഡന്റ്, ശ്രീകുമാരവിലാസം ദേവസ്വം | 7,040/- | 42,240/- | |
| | ആകെ | | 200346 | |

2015-16 ൽ ജി-2, എസ്-1, എസ്-5, എസ്-10 എന്നീ കടമുറികൾ ലേലം ചെയ്ത് വാടക ഈടാക്കിയിട്ടില്ല. ഇതിൽ ഒരു കടമുറി കേസ് മൂലം വാടകക്ക് നൽകാൻ സാധിക്കാതെയുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി 3 കടമുറികൾ ലേലം ചെയ്യുന്നതിനും, വാടകകുടിശ്ശിക ബന്ധപ്പെട്ടവരിൽ നിന്ന് പിഴ സഹിതം ഈടാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്ന വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/ നിരതദ്രവ്യം തുകകൾ സർക്കാർ / തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 31.03.2009 മുതൽ 12.09.2013 വരെ 7,46,832/- രൂപ ഇപ്രകാരം കാലഹരണപ്പെട്ട നിക്ഷേപമായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (05/20.1016) ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട 7,46,832/- ഉള്ളതിൽ റെന്റ് ഡെപ്പോസിറ്റ് ആയ 90,000/- രൂപ കിഴിച്ച് ബാക്കി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് വരവ് വെയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട നിക്ഷേപ തുകയായ 6,56,832/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.എൽ.ഐ. പ്രീമിയം തുകകൾ ബില്ലുകളിൽ നിന്നും കിഴിവ് ചെയ്യുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

ജി.ഒ.(പി.) നം. 104/12/ധന തീ: 09.02.12 പ്രകാരം സർക്കാർ ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം വരിസംഖ്യ 01.04.12 പ്രാബല്യത്തിൽ വർദ്ധിപ്പിച്ചുത്തരവായിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്ക് താഴെപറയും പ്രകാരമാണ്.

| ശമ്പള നിരക്കിന്റെ തോത് | നിലവിലെ നിരക്ക് | വർദ്ധിപ്പിച്ച നിരക്ക് |
|---|---|---|
| 9189 വരെ | 120 | 150 |
| 9190-18739 | 175 | 225 |
| 18740-29179 | 300 | 375 |

| | | |
|---|---|---|
| 29180 മുതൽ മുകളിൽ | 350 | 450 |

എന്നാൽ 2015-16 ലെ തനതുഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി. കെ. ശോഭയുടെ ശമ്പള ബില്ലുകളിൽ നിന്നും സർക്കാർ ഉത്തരവുകൾക്കനുസൃതമായി എസ്.എൽ.ഐ, പ്രീമിയം വരിസംഖ്യ ഈടാക്കി സംസ്ഥാന ഇൻഷൂറൻസ് വകുപ്പിൽ അടവാക്കിയിട്ടില്ലെന്നു കാണുന്നു. വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| ശമ്പളം, ശമ്പള സ്കെയിൽ | ഈടാക്കിയ എസ്.എൽ.ഐ. | ഈടാക്കേണ്ടിയിരുന്ന എസ്.എൽ.ഐ. |
|---|---|---|
| 20740/- 16180-29180 | 150 | 375 |

കുറവ് അടവാക്കിയ കാലയളവിലെ എസ്. എൽ. ഐ പ്രീമിയം തുക വർദ്ധിപ്പിച്ച നിരക്കിൽ കണക്കാക്കി കുടിശ്ശിക സഹിതം ട്രഷറിയിൽ അടവാക്കേണ്ടതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി പ്രീമിയം തുകകൾ ഈടാക്കേണ്ടതാണ്.

## 3-2 അനധികൃതമായി ഹാജരാകാതിരുന്നത് ക്രമപ്പെടുത്താതെ ശമ്പളം അനുവദിച്ചു-അവധിയായി ക്രമപ്പെടുത്തിയത് ഒരു വർഷത്തിനു ശേഷം!

ജീവനക്കാരുടെ 2015 ഏപ്രിൽ മാസത്തെ ശമ്പളം 2,70,997/-രൂപ ബിൽ നം. 2/5-15 തീ: 02.05.2015 പ്രകാരം വിതരണം ചെയ്തതിൽ, ശ്രീമതി. സജ്ന. ആർ, ക്ലർക്കിനു 30 ദിവസത്തെ ശമ്പളം, ബത്ത ഇനങ്ങളിലായി 16319/-രൂപ (Gross: 18718/- രൂപ; Net: 16319/- രൂപ) നല്കിയിട്ടുണ്ട്. എന്നാൽ ഹാജർ പുസ്തകത്തിൽ 04.04.15 മുതൽ 10.04.2015 വരെ ശൂന്യ വേതനാവധി (LWA) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സേവന പുസ്തകത്തിൽ ശൂന്യ വേതനാവധി രേഖപ്പെടുത്തിയിട്ടില്ല. പേഴ്സണൽ ഫയൽ പരിശോധിച്ചതിൽ ലീവ് അനുവദിച്ചതായും കാണുന്നില്ല. ടി ദിവസങ്ങളിലെ അനധികൃത ഹാജരില്ലായ്മ അർഹതയുള്ള അവധിയായി മാറ്റുവാൻ ടിയാൾ 20.02.16-ൽ അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ നൽകിയതായും കാണുന്നു. ഇത് പരിശോധനാ തീയതിവരെയും ക്രമപ്പെടുത്തിയിട്ടില്ല. മേൽ അപാകതകളിന്മേൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറി നം 8/22.10.16 നു ലഭിച്ച മറുപടിയിൽ ടി കാലയളവ് ആർജ്ജിതാവധിയായി ക്രമപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുകയുണ്ടായി. ക്രമപ്പെടുത്തലിലെ കാലവിളംബം ആഭ്യന്തരനിയന്ത്രണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 ഡയസ് നോൺ ബാധകമായ ദിവസത്തെ ശമ്പളം കുറവ് ചെയ്തില്ല

ജി.ഒ.(പി.) നം. 5/2016/GAD തീ: 06.01.16 പ്രകാരം ജീവനക്കാരുടെ 12.01.2016-ലെ പണിമുടക്കിന് സർക്കാർ ഡയസ് നോൺ ഏർപ്പെടുത്തുകയും പ്രസ്തുത ദിവസത്തെ ശമ്പളം ഫെബ്രുവരി മാസത്തെ ശമ്പളത്തിൽ നിന്നും തടഞ്ഞു വെയ്ക്കുവാനും ഉത്തരവായിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർക്ക് ഡയസ് നോൺ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തിയെങ്കിലും മുഴുവൻ ദിവസത്തെ ശമ്പളം ഫെബ്രുവരി മാസത്തിൽ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പേര്, ഉദ്യോഗപ്പേര് | ശമ്പള സ്കെയിൽ | ജനുവരിയിലെ ആകെ ശമ്പളം | ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്യേണ്ടി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | യിരുന്ന തുക |
| 1 | എഫ്. സെലിനമോൾ, ജൂനിയർ സൂപ്രണ്ട് | 16180-25900 | 39341 | 1269 |
| 2 | ഛായ പി. എസ്., അക്കൗണ്ടന്റ് | 14620-25280 | 31316 | 1010 |
| 3 | പിയേഷ് ഫ്രാൻസിസ്, സീനിയർ ക്ലർക്ക് | 13210-22360 | 29780 | 961 |
| 4 | സിന്ധു കെ.ആർ, സീനിയർ ക്ലർക്ക് | 13210-22360 | 27168 | 876 |
| 5 | ശ്രീലത എ, സീനിയർ ക്ലർക്ക് | 13210-22360 | 26938 | 869 |
| 6 | എൻ. സുകുമാരൻ ചെട്ടിയാർ, സീനിയർ ക്ലർക്ക് | 13210-22360 | 25843 | 834 |
| 7 | വി.എം. കുഞ്ഞുമോൾ, ക്ലർക്ക് | 9940-16580 | 22214 | 717 |
| 8 | സുലേഖ ആർ, ക്ലർക്ക് | 9940-16580 | 20462 | 660 |
| 9 | ശ്രീകാന്ത്. വി, ഓഫീസ് അറ്റൻഡന്റ് | 8500-13210 | 19935 | 643 |
| 10 | ആശ. വി, ഓഫീസ് അറ്റൻഡന്റ് | 5800-13210 | 17012 | 549 |
| 11 | ഡി പത്മകുമാർ, പി.റ്റി.ബി.ജി.കെ | 4850-7500 | 10568 | 341 |
| ആകെ | | | | 8729/- |

മേൽ ജീവനക്കാരിൽ നിന്നും പണിമുടക്ക ദിവസത്തെ ശമ്പളം തിരിച്ച പിടിക്കേണ്ടതും ഡയസ് നോൺ വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.ശമ്പള പരിഷ്കരണ-കുടിശ്ശിക തുകയിൽ നിന്നു കൂടി ടി ദിവസത്തെ ശമ്പളം കിഴിവ് ചെയ്യേണ്ടതാണ്. ഒക്ടോബർ മാസത്തെ ശമ്പളത്തിൽ നിന്നും ടി തുക കിഴിവ് ചെയ്യുന്നതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന് (നം. 38/26.10.2016) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-4 <u>വാഹന ഉപയോഗം,പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്</u>

പഞ്ചായത്ത് വക വാഹനങ്ങളുടെ ഉപയോഗം, പരിപാലനം എന്നിവ സംബന്ധിച്ച പരിശോധനാ വിവരം താഴെ കൊടുക്കുന്നു.

KL04T- 3495 നമ്പർ ബൊലേറോ ജീപ്പ് (ഡീസൽ-9km/Lr), KL-32/D-5126, KL-04/T 6649 നമ്പർ

ആംബുലൻസുകൾ എന്നീ വാഹനങ്ങളുടെ ഇന്ധനങ്ങൾക്കുള്ള ഓർഡർബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും ഓയിലിന്റെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ജി.ഒ.(എം എസ്)170/07 തസ്വഭവ. തീ: 30.6.07 പ്രകാരം വാഹനങ്ങളെ സംബന്ധിച്ച മേൽ സൂചിപ്പിച്ച രജിസ്റ്ററുകൾ കസ്റ്റോഡിയൻ ഓഫീസർ സൂക്ഷിക്കേണ്ടതാണ്.

ലോഗ്ബുക്കുകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

KL32-D 5126, KL04-T-6649 എന്നീ വാഹനങ്ങളുടെ ലോഗ് ബുക്കിൽ ഫ്യൂവൽ അക്കൗണ്ട് സംബന്ധിച്ച വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. കൂടാതെ കൺട്രോളിംഗ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. സർക്കുലർ നമ്പർ. 41/2008/ധനം, 02/08/2008 പ്രകാരം ഇന്ധനം നിറച്ചതിന്റെ വിവരങ്ങൾ, യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

## 3-5 വെള്ളക്കരമിനത്തിൽ അധിക തുക വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നു-ലക്ഷങ്ങൾ പഞ്ചായത്തിനു നഷ്ടം

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്നും 387 പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 1,69,313/- രൂപ (387 @5250/12) വാട്ടർ അതോറിറ്റിക്ക് നൽകിവരുന്നുണ്ട്. 28.09.2011 ലെ ജി.ഒ (ആർ.ടി) 2242/2011/LSGD ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും ചേർന്ന് 22.05.2012-ൽ സംയുക്ത പരിശോധന നടത്തുകയുണ്ടായി. ടി പരിശോധനയിൽ പ്രവർത്തിക്കുന്ന പൊതു ടാപ്പുകൾ 271 എണ്ണവും പ്രവർത്തനരഹിതമായവ 93 എണ്ണവുമാണെന്നു ബോധ്യപ്പെടുകയുണ്ടായി. സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം ആകെയുള്ള പൊതുടാപ്പുകളുടെ എണ്ണം 364 ആയിരിക്കെ 387 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് വർഷങ്ങളായി പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കിപോരുന്നത്. ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളിലൂടെ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനായി ലക്ഷങ്ങൾ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. (ഗാർഹിക കുടിവെള്ള കണക്ഷനുകൾ - 2013-14-ൽ 81 എണ്ണം; 2014-15-ൽ 36എണ്ണം; 2015-16-ൽ 149 എണ്ണം) എന്നാൽ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണത്തിലും വെള്ളക്കരത്തിലും യാതൊരു കുറവും ഉണ്ടായിട്ടില്ല. ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയിട്ടുള്ള പ്രദേശത്തെ പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനും മറ്റും നടപടി സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കും ഉതകേണ്ട തുക പാഴായിപ്പോകുന്നത് ഒഴിവാക്കേണ്ടതുമാണ്. നിലവിലില്ലാത്ത പൊതുടാപ്പുകളുടെയും ഉപയോഗശൂന്യമായതും ഭാഗികമായി മാത്രം പ്രവർത്തിക്കുന്നവയുമായ ടാപ്പുകളുടെയും വെള്ളക്കരം 22.05.12നു ശേഷം അടവാക്കിയിട്ടുള്ളത് തുടർവർഷങ്ങളിലുള്ള വെള്ളക്കരത്തിൽ ക്രമീകരിക്കാനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 മഴക്കാല പൂർവ്വ ശുചീകരണം-അപാകതകൾ

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് അരൂർ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ 22 വാർഡ്തല സാനിട്ടേഷൻ സമിതിയ്ക്ക് തനതു ഫണ്ടിൽ നിന്നും 2,20,000/- രൂപ നൽകിയിട്ടുണ്ട് (ബിൽ നം. 20-41/7-15 /02.07.15 പ്രകാരം വാർഡ് ഒന്നിനു 10000/- രൂപ വീതം). വാർഡ് തല സാനിട്ടേഷൻ സമിതിയുടെ ചുമതല വഹിച്ചിരുന്ന 12 പേർ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വാർഡുകളിൽ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

| ക്രമ നം. | വാർഡ് | വിനിയോഗിച്ച തുക | ബാലൻസ് |
|---|---|---|---|
| 1 | VIII | 7664 | 2336 |
| 2 | VI | 9580 | 420 |

| | | | |
|---|---|---|---|
| 3 | XIX | 9580 | 420 |
| 4 | III | 9870 | 130 |
| 5 | V | 9870 | 130 |
| വിനിയോഗിക്കാതെ അവശേഷിക്കുന്ന ആകെ തുക | | | 3436/-രൂപ |

വാർഡുകളുടെ ചുമതലയുള്ള സാനിട്ടേഷൻ സമിതിയംഗങ്ങളുടെ പക്കലുള്ള വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഒടുക്കേണ്ടതാണ്. ടി വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

1. 07.03.15ലും 07.05.15ലും സെക്രട്ടറി തിരുവനന്തപുരത്ത് വച്ച് നടന്ന ലോകബാങ്കിന്റെ മീറ്റിംഗിൽ പങ്കെടുത്തതിന്റെ ടാക്സി വാടകയിനത്തിൽ ബിൽ നം. 46/5-15 /18.05.15 പ്രകാരം 14500/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ തരം, യാത്രാവിവരം എന്നിവ കാണിക്കുന്ന ട്രിപ്പ് ഷീറ്റ്, ടാക്സി ഡ്രൈവർ തുക കൈപ്പറ്റിയ രസീത് എന്നിവ ലഭ്യമാക്കിയില്ല.
2. പ്രോജക്ട് നം. – 02/16 (എസ്.എസ്.എ. ഗ്രാമ പഞ്ചായത്ത് വിഹിതം)
   അടങ്കൽ – 4,04,451/- (വി.ഫ)
   ചെലവ് – 4,04,451/- (ബിൽ നം. 87/15-16/ (ക്രമ നം.4) തീ: 23.07.15)
   പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ സ്കൂളുകളിൽ തൻവർഷത്തെ എസ്.എസ്.എ. വിഹിതം ഉപയോഗിച്ച് ചെലവഴിച്ച തുക, എസ്.എസ്.എ യ്ക്ക് നൽകിയ 4,04,451/- രൂപ വിനിയോഗിച്ചതിന്റെ വിശദ വിവരം, ആയതിന്റെ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല.
3. പ്രോജക്ട് നം. – 03/16 (സാമൂഹ്യ സുരക്ഷാ പേയ്മെന്റ് ഗേറ്റ് വേയിലേയ്ക്ക് ധന സഹായം)
   അടങ്കൽ – 2,00,000/-(വി.ഫ)
   ചെലവ് – 2,00,000/-(ബിൽ നം. 88/15-16/(ക്രമ നം.5) തീ:23.07.15)
   സ.ഉ.(സാധാ) നം. 1209/2013തസ്വഭവ തീ: 06.05.13 ൽ നിർദ്ദേശിച്ച പ്രകാരം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. പ്രോജക്ട് നം. – 371/16 (ഐ.എ.വൈ. ഭവന പദ്ധതി-എസ്.സി.)
   അടങ്കൽ – 6,70,000/-(വി.ഫ)
   ചെലവ് – 6,70,000/-(ബിൽ നം. 216/15-16/31.03.16)
5. പ്രോജക്ട് നം. – 372/16 (ഐ.എ.വൈ. ഭവന പദ്ധതി-ജനറൽ)
   അടങ്കൽ – 5,42,500/-(വി.ഫ)
   ചെലവ് – 5,42,500/-(ബിൽ നം. 217/15-16/ തീ:31.03.16)
   ക്രമ നമ്പർ 4, 5 പ്രകാരമുള്ള പ്രോജക്ടുകളിൽ ഐ.എ.വൈ. ഗുണഭോക്താക്കൾക്കായി തുക ചെലവഴിച്ചതിന്റെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.
   വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് 18,31,451/- രൂപ തടസ്സപ്പെടുത്തുന്നു

## 3-8 മീഡിയശ്രീ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

2015-16-ൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മീഡിയശ്രീ പ്രോജക്ടിന്റെ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. – 102/16(മീഡിയശ്രീ)

അടങ്കൽ – 65,000/-(ത.ഫ)

ചെലവ് – 65,000/-(ഡി.ഡി. നം. 249978/29.06.15)

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയശ്രീ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ ചരിത്രം, വർത്തമാനം, വികസന പ്രവർത്തനം , ഭരണസമിതിയുടെ നേട്ടങ്ങൾ ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്ന ആവശ്യത്തിലേയ്ക്കായി കുടുംബ ശ്രീ സംസ്ഥാന മിഷനു തുക നൽകുന്നതിനായുള്ള പ്രോജക്ടാണിത്. ഗ്രാമപഞ്ചായത്തും കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും 29.06.2015-ൽ ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം വീഡിയോ ഡോക്യുമെന്റേഷന്റെ 10 പകർപ്പുകൾ 60 ദിവസത്തിനകം പഞ്ചായത്തിന് കൈമാറണമെന്നുണ്ട്.എന്നാൽ ടി പകർപ്പുകൾ നാളിതുവരെയായിട്ടും ലഭിച്ചിട്ടില്ലെന്നു കാണുന്നു. തിരക്കഥ രൂപീകരണം, വീഡിയോ ഡോക്യുമെന്റേഷൻ എന്നിവയുടെ തത്സ്ഥിതി ആരാഞ്ഞു നൽകിയ 26/25.10.16-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. വീഡിയോ ഡോക്യുമെന്റേഷന്റെ പകർപ്പ് ഹാജരാക്കാത്ത സാഹചര്യത്തിൽ കുടുംബശ്രീ മിഷനു നൽകിയ 65,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 <u>തെരുവ് വിളക്കുകളുടെ വാങ്ങൽ, അറ്റകുറ്റപ്പണി- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.</u>

2015-16 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വാങ്ങൽ, അറ്റകുറ്റപ്പണി, ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി) എന്നീ ഇനങ്ങളിലായി തനതുഫണ്ടിൽനിന്നും 16 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. <u>പ്രോജക്ട് നം. – 11/16(തെരുവ് വിളക്കുകൾ സ്ഥാപിക്കൽ)</u>

   അടങ്കൽ – 6,82,000/-(ത.ഫ)

   ചെലവ് – 6,78,150/- (1. വൗ.നം. 21501497/14.03.16 - 6,53,400/-

   വൗച്ചർ നം. – 21501507/14.03.16 - 19,425/-

   വൗച്ചർ നം. – 21501703/31.03.16 - 5,325/- )

   6,53,400/- രൂപയ്ക്ക് കെൽട്രോണിൽ നിന്നും 330 എണ്ണം 1 x 36 w 4 Pin CFL & Fitting accessories വാങ്ങിയിട്ടുണ്ട്. ഇലക്ട്രിക്കൽ കരാറുകാരായ ഷിബു, കൃഷ്ണൻകുട്ടി എന്നിവർക്ക് പോൾ ഒന്നിന് 75/- രൂപ നിരക്കിൽ 330 CFL ഇലക്ട്രിക് പോസ്റ്റിൽ സ്ഥാപിച്ചതിന് 2, 3 പ്രകാരം തുക നൽകിയിട്ടുണ്ട്.

   330 CFL പുതുതായി സ്ഥാപിക്കുമ്പോൾ നിലവിൽ പോസ്റ്റിലുള്ള കേടായ വിളക്കുകളുടെ എണ്ണം 291 എന്നാണ് കരാറുകാർ ഹാജരാക്കിയ സാക്ഷ്യപത്രത്തിലുള്ളത്. ബാക്കി 39എണ്ണത്തിന്റെ വിവരം ആരാഞ്ഞു 11.03.16-ൽ സെക്രട്ടറി ഫയൽകുറിപ്പെഴുതിയതിനു 15 CFL, വിളക്കുകൾ ഇല്ലാതിരുന്ന പോസ്റ്റുകളിൽ സ്ഥാപിച്ചതിനാലാണ് അപ്രകാരം സംഭവിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നിരുന്നാലും അവശേഷിച്ച 24 എണ്ണം എന്തു ചെയ്തു എന്നതിൽ വ്യക്തതയില്ല.

2. <u>പ്രോജക്ട് നം. – 322/16(തെരുവ് വിളക്ക് അറ്റകുറ്റപ്പണി)</u>

   അടങ്കൽ : 10,00,000/-(ത.ഫ)

   ചെലവ് : 4,26,075/-

   1. വൗച്ചർ നം. 21501697/31.03.16 - 4,14,000/-

   2. വൗച്ചർ നം. 21501371/22.02.16 - 5325/-

   3. വൗച്ചർ നം. 21500514/31.03.16 - 6750/-

   27.01.2016-ലെ ബിൽ നം. പി.ആർ./39/15-16 പ്രകാരം തെരുവ് വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങിയതിന്റെ വിലയായി 4,14,000/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്.

3. <u>പ്രോജക്ട് നം. – 122/16(സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- എ.എം.സി )</u>

   അടങ്കൽ: 500,000/-(ത.ഫ)

   ചെലവ്: 5,00,000/- ( വൗ.നം. 21500842/31.10.15)

   തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി കരാർ ഏർപ്പെടുത്തുന്നത് സംബന്ധിച്ച

പ്രോജക്റ്റാണിത്. എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിനാണ് എ.എം.സി. ഇനത്തിൽ തുക നൽകിയിട്ടുള്ളത്.

പ്രോജക്റ്റുകളിലെ അപാകതകൾ താഴെ കൊടുക്കുന്നു

1. കെ.എസ്. ഇ.ബി. യിൽ നിന്നും ക്ലിയറൻസ് വാങ്ങിയതായി കാണുന്നില്ല.
2. മെയിൻ സ്റ്റോക്ക് രജിസ്റ്ററിലാണ് തെരുവു വിളക്കുകളുടെ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിരിക്കുന്നത്. ടി രജിസ്റ്ററിൽ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.സ്റ്റോക്ക് വിവരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക്-ഇൻ- രജിസ്റ്റർ, സ്റ്റോക്ക്-ഔട്ട് രജിസ്റ്റർ, അൺ സർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചതായി കാണുന്നില്ല.
3. തെരുവ് വിളക്കുകൾ വാങ്ങുന്നത് സംബന്ധിച്ച നടപടിക്രമം പാലിച്ചിട്ടില്ല.
   എൽ. ഇ.ഡി. ബൾബുകൾ ഒഴികെയുള്ള തെരുവ് വിളക്കുകളുടെ വിതരണം, ഇൻസ്റ്റലേഷൻ &മെയിന്റനൻസ്, ഗ്യാരന്റി നൽകൽ എന്നിവ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം മുഖേന നടത്തണമെന്നും സപ്ലൈ ഓർഡർ നൽകി ഒരാഴ്ചയ്ക്കുള്ളിൽ മറുപടി ലഭിക്കാത്ത പക്ഷം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം നിലയിൽ ടെണ്ടർ നടപടി മുഖേന പ്രവൃത്തി പൂർത്തീകരിക്കാമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. (സ.ഉ.(സാധാ.)നം. 3140/2015/തസ്വഭവ തീ: 16.10.15). എന്നാൽ ഇപ്രകാരം ടെണ്ടർ ക്ഷണിക്കാതെയാണ് തെരുവ് വിളക്കുകൾ നൽകുന്നതിന് കെൽട്രോണിന് സപ്ലൈ ഓർഡർ നല്കിയത്. എൽ.ഇ.ഡി. ലൈറ്റുകളാണ് കെൽട്രോണിൽ നിന്നും ടെണ്ടർ നടപടിക്രമം കൂടാതെ വാങ്ങാൻ സർക്കാർ അനുമതിയുള്ളത്.
4. സബ്സിഡി മാർഗ്ഗരേഖ അനുബന്ധ ഖണ്ഡിക 7.9 പ്രകാരം 2014-15 വർഷം മുതൽ സ്ട്രീറ്റ് ലൈറ്റുകൾക്ക് എൽ.ഇ.ഡി. ലാമ്പ് മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധന പാലിച്ചിട്ടില്ല.
   തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്ത സാഹചര്യത്തിൽ കെ.എസ്. ഇ.ബി. യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതു പ്രകാരം വൈദ്യുത ചാർജ്ജ് കണക്കാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
   അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-10 ഫ്ലാറ്റ് നിർമ്മാണം- വേണ്ടത്ര പഠനം നടത്തിയില്ല- പദ്ധതി അനിശ്ചിതത്വത്തിൽ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷം പട്ടിക ജാതി വിഭാഗക്കാർക്ക് ഫ്ലാറ്റ് നിർമ്മാണത്തിനായി പ്രോജക്ട് രൂപീകരിക്കുകയും ഫ്ലാറ്റ് നിർമ്മാണത്തിന് പഞ്ചായത്ത് വക 25 സെന്റ് സ്ഥലം കേരളസംസ്ഥാന ഭവന നിർമ്മാണ ബോർഡിനു കൈമാറി ടി സ്ഥലത്ത് 43 എം$^2$ വീതം ഉള്ള 40 ഫ്ലാറ്റുകൾ നിർമ്മിക്കാൻ പഞ്ചായത്ത് കമ്മിറ്റിയുടെ 10.02.16-ലെ യോഗത്തിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. (തീരുമാനം. നം. ||(4)). 03.03.2016-ലെ പഞ്ചായത്തു കമ്മിറ്റിയുടെ |(3)-ാം നമ്പർ തീരുമാനം പ്രകാരം 22,90,958/- രൂപ വികസനഫണ്ടിൽ നിന്നും 16,09,042/- രൂപ തനത് ഫണ്ടിൽ നിന്നുമായി ആകെ 39 ലക്ഷം രൂപ അടങ്കൽ നിശ്ചയിക്കുകയും തനതു ഫണ്ടിന്റെ അപര്യാപ്തത മൂലം തനതു ഫണ്ടിൽനിന്നും വകയിരുത്തിയ തുക അടുത്ത സാമ്പത്തിക വർഷത്തിൽ നൽകുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. : 101/16 (പട്ടിക ജാതി വിഭാഗക്കാർക്ക് ഫ്ലാറ്റ് നിർമ്മാണം-ഭവന നിർമ്മാണ ബോർഡിന് തുക നൽകുന്നതിന്)

അടങ്കൽ : 22,90,958/- (വി.ഫ.)

ചെലവ് : 22,90,958/-(ബിൽ നം.141/2015-16 ക്രമനം.(22)തീ:19.03.16)

ഫ്ലാറ്റ് നിർമ്മാണത്തിനായി വികസന ഫണ്ടിൽ നിന്നുള്ള തുക ഭവന നിർമ്മാണ ബോർഡിന് നൽകിയിട്ടുണ്ട്. ഫ്ലാറ്റു നിർമ്മിക്കുന്നതിനു മുന്നോടിയായി ഫ്ലാറ്റിൽ താമസിക്കാനുള്ള ഗുണഭോക്താക്കളുടെ സന്നദ്ധത സംബന്ധിച്ച പഠനങ്ങൾ നടത്തുകയോ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയാറാക്കുകയോ ചെയ്തതായി കാണുന്നില്ല. കരാർ പ്രകാരം ഭവന നിർമ്മാണ ബോർഡ് വിശദമായ എസ്റ്റിമേറ്റ്, ആർക്കിടെക്ച്ചറൽ പ്ലാൻ, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ തയാറാക്കി 12 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്നുണ്ട്. ഭവന നിർമ്മാണ ബോർഡിനു സൈറ്റ് കൈമാറിയത് സംബന്ധിച്ചും ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിൽ നിർമ്മാണം ഏതു ഘട്ടം വരെയെത്തി എന്നതു സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26/25.10.16) മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെയായും (10/16) ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്ന് പ്രാദേശികാന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഇത് പ്രസ്തുത പദ്ധതിയിന്മേൽ വേണ്ടത്ര പഠനം നടത്തിയിട്ടില്ലായെന്നതിന്റെ തെളിവാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 3-11 ഹെവി എക്യുപ്മെന്റ് ഡ്രൈവിംഗ് പരിശീലനം-മാനദണ്ഡങ്ങൾ പാലിക്കാതെ തുക നല്കി

പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഹെവി എക്യുപ്മെന്റ് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനുള്ള പ്രോജക്ടാണിത്. 2015-16 വർഷം സ്പിൽ ഓവറായി (പ്രോ. നം. 123/16) തനതു ഫണ്ടിൽ നിന്നും 50,000/- രൂപ വകയിരുത്തി 40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം. 21501696/ 31.03.16) പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ട് രൂപരേഖ പേജ് നം. 1 പ്രകാരം 123/16 എന്ന പ്രോജക്ട് 2014-15 വർഷത്തെ 228/15-ാം നമ്പർ പ്രോജക്ട് സ്പിൽ ഓവറായി നടപ്പിലാക്കിയതാണ്. 2014-15 -ലെ 228/15 പ്രോജക്ടിന്റെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമല്ല.
2. പ്രോജക്ട് ഫയലിലെ കുറിപ്പ് പ്രകാരം 2011-12 വർഷത്തിൽ പുതുതായി രൂപീകരിച്ച പദ്ധതിയാണ് ഹെവി വെഹിക്കിൾസ് ഡ്രൈവിംഗ് പരിശീലനം. (S0289/12). 24.02.2011-ലെ IV(K ) നം. പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം ക്വട്ടേഷൻ വിളിക്കുകയും തുടർന്ന് 01.03.2011-ലെ I(e) നം. തീരുമാനം പ്രകാരം $A_2Z$ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2011-12 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ എസ്.സി. ഡ്രൈവിംഗ് പരിശീലനം എന്നാണ് പദ്ധതിയുടെ പേര് വന്നിരിക്കുന്നതെന്നും പ്രസ്തുത ലിസ്റ്റിൽ സ്ഥാപനം ഹാജരാക്കിയ പരിശീലനാർത്ഥികൾ ഉൾപ്പെട്ടിട്ടില്ലായെന്നും ടിയാളുടെ ലൈസൻസ് പഴക്കമുള്ളതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.
3. A2 Z ഡ്രൈവിംഗ് സ്കൂൾ, കൊച്ചി എന്ന സ്ഥാപനവുമായി പഞ്ചായത്ത് 2011 ഏപ്രിൽ 4-ാം തീയതി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം എസ്.സി. വിദ്യാർത്ഥികളെ ഹെവി എക്യുപ്മെന്റ് ഡ്രൈവിംഗ് പരിശീലിപ്പിച്ച് ലൈസൻസ് പഞ്ചായത്തിൽ ഹാജരാക്കുന്ന മുറയ്ക്ക് ഒരു ഗുണഭോക്താവിന് 10000/- രൂപ നിരക്കിൽ നൽകുന്നതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.പരിശീലന ഫീസ് നൽകണമെന്നുള്ള ഡ്രൈവിംഗ് സ്കൂൾ പ്രിൻസിപ്പൾ ശ്രീ. പി.എൻ മിലന്റെ 30.03.16-ലെ അപേക്ഷയിൽ JCB പരിശീലനത്തിനായാണ് ടിയാൻ 28.03.2011-ൽ ഇ.എം. ഡി. അടവാക്കിയതെന്ന് സൂചിപ്പിച്ചിട്ടുണ്ട്.സ്ഥാപനം ഹാജരാക്കിയ ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസ് പരിശോധിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ഡ്രൈവിംഗ് ലൈസൻസ് വിവരം |
|---|---|
| 1. അജയൻ റ്റി. എ | 41/1136/2000 |
| 2.ചന്ദ്രൻ കെ.എസ്. | 43/1459/2002 |
| 3. നിബു രാജേഷ് കെ.എസ് | 32/359/2004 |
| 4.ഷിജിമോൻ ഇ. എൻ | 32/518/1996 |

ഗുണഭോക്താക്കൾ 2011 വർഷത്തിന് മുമ്പേ ലൈസൻസ് നേടിയിട്ടുള്ളവരാണ്.
അപാകതകളിന്മേൽ രേഖകളും വിശദീകരണങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/25.10.16 ന മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ഭവന പുനരുദ്ധാരണം -അനർഹരായവർക്ക് ആനുകൂല്യം നൽകി.

പ്രോജക്ട് നമ്പർ – S0058/16
നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കി ഏറ്റവും കുറഞ്ഞത് 8 വർഷം കഴിഞ്ഞാൽ മാത്രമേ ഭവന പുനരുദ്ധരാണത്തിന് ആനുകൂല്യം അനുവദിക്കാവൂ. എന്നാൽ ഗ്രാമപഞ്ചായത്തിൽ 15-16 ൽ നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കി 8 വർഷം പോലും ആയിട്ടില്ലാത്തവർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ശ്രീമതി. കൊച്ചുപെണ്ണ്, പണ്ടാരപ്പാട്ടത്തിൽ, വാർഡ് 10
   പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് എസ്.സി ഡെവലപ്മെൻറ് ഓഫീസർ 30.12.2015ൽ നൽകിയ P.B 1150/14 നമ്പർ സാക്ഷ്യപത്രം അനുസരിച്ച് ഈ ഗുണഭോക്താവിന് പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പട്ടിക ജാതി വികസന ഓഫീസ് മുഖേന 2008-09 സാമ്പത്തികവർഷത്തിൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഈ സാക്ഷ്യപത്രം പ്രകാരം 2008-09 ൽ ഭവന നിർമ്മാണ ആനുകൂല്യത്തിനായിഎഗ്രിമെന്റ് വെച്ചിട്ടുള്ളതും തുടർന്നുള്ള വർഷങ്ങളിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ഈ സാക്ഷ്യപത്ര പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കി 8 വർഷം തികയുന്നതിന് മുൻപ് 23.02.2016ൽ ഡി.ഡി നമ്പർ 197878 പ്രകാരം 25000/- രൂപ ഭവന പുനരുദ്ധാരണത്തിന് നൽകിയിട്ടുണ്ട്.
   ബിൽ നമ്പർ – 16/15-16/18.02.16, Rs. 100000/-
2. ശ്രീമതി. ശ്രീലത, പടിഞ്ഞാറെ പുത്തൻവീട്ടിൽ, വാർഡ് 5,
   പട്ടണക്കാട് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ 16.03.2016 ലെ സാക്ഷ്യപത്രം അനുസരിച്ച് ഈ ഗുണഭോക്താവിന് ബ്ലോക്ക് ഓഫീസ് മുഖേന 2007-08 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ സ്കീമിൽ ഭവന നിർമ്മാണ ആനുകൂല്യം നൽകിയിട്ടുണ്ട്. ഐ.എ.വൈ ഭവന നിർമ്മാണ ആനുകൂല്യ വിതരണ രജിസ്റ്റർ പ്രകാരം ടിയാൾ 4/2010 ൽ അവസാന ഗഡു കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതാണ്. നിർമ്മാണം പൂർത്തിയാക്കി അഞ്ച് വർഷം പോലും കഴിഞ്ഞിട്ടില്ലാത്ത വ്യക്തിക്ക് ഭവന പുനരുദ്ധാരണത്തിന് നൽകിയത് ക്രമപ്രകാരമല്ല.
   (ഡി.ഡി നമ്പർ – 199346/30.03.2016, 25000/-)
   ബിൽ നമ്പർ – 41/15-16/27.03.16. Rs. 87500/-)
3. ശ്രീ. കെ.പി ഷാജി, കളപ്പുരയ്ക്കൽ വീട്, വാർഡ് 10,
   പട്ടണക്കാട് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ 01.01.2016 ലെ ഡി-805/15 സാക്ഷ്യപത്രം അനുസരിച്ച് ഈ ഗുണഭോക്താവിന് ബ്ലോക്ക് ഓഫീസ് മുഖേന 2007-08 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ സ്കീമിൽ ഭവന നിർമ്മാണ ആനുകൂല്യം നൽകിയിട്ടുണ്ട്. ഐ.എ.വൈ ഭവന നിർമ്മാണ ആനുകൂല്യ വിതരണ രജിസ്റ്റർ പ്രകാരം ടിയാൾ 5/2009 ൽ അവസാന ഗഡു കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതാണ്. നിർമ്മാണം പൂർത്തിയാക്കി 6 വർഷം പോലും കഴിഞ്ഞിട്ടില്ലാത്ത വ്യക്തിക്ക് ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, മേൽ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് മുഖാന്തിരം ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം പരിശോധിച്ചതിലെ വീഴ്ച മൂലമാണ് ഈ പിഴവ് സംഭവിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ വ്യക്തികൾക്ക് അനർഹമായി നൽകിയ ആനുകൂല്യം 75000/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-13 ഭവന നിർമ്മാണം- ആനുകൂല്യംകൈപ്പറ്റിയവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

1. എം.എൻ. ലക്ഷം വീട് ഇരട്ട വീട് ഒറ്റ വീടാക്കൽ (ജനറൽ )

പ്രോജക്ട് നം. – S0046/16

എം.എൻ ലക്ഷം വീട് ഇരട്ട വീട് ഒറ്റ വീടാക്കൽ (ജനറൽ), പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീട്ടു പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആനുകൂല്യം കൈപ്പറ്റിയ തവണ | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ശ്രീധരൻ ആചാരി, മാടവന ലക്ഷം വീട് | ഒന്ന് | 20000 | പൂർത്തിയാക്കിയില്ല, എഗ്രിമെന്റ് വെച്ചിട്ടില്ല. |
| 2 | ഗോപാലൻ, കിളിയന്തറ ലക്ഷം വീട് | നാല് | 180000 | പൂർത്തിയാക്കിയില്ല, എഗ്രിമെന്റ് വെച്ചിട്ടില്ല. |
| 3 | ഷെറീഫ, കിളിയന്തറ കോളനി | മൂന്ന് | 140000 | പൂർത്തിയാക്കിയില്ല, എഗ്രിമെന്റ് വെച്ചിട്ടില്ല. |
| 4 | അന്ന സേവ്യർ, മാടവന ലക്ഷം വീട് | ഒന്ന് | 20000 | പൂർത്തിയാക്കിയില്ല, എഗ്രിമെന്റ് വെച്ചിട്ടില്ല. |
| 5 | മിനി മാത്യൂ മാടവന ലക്ഷംവീട് | രണ്ട് | 80000 | പൂർത്തിയാക്കിയില്ല, എഗ്രിമെന്റ് വെച്ചിട്ടില്ല. |
| 6 | ഫാത്തിമ മൂസ അങ്കമാലി വെളി | രണ്ട് | 80000 | പൂർത്തിയാക്കിയില്ല, എഗ്രിമെന്റ് വെച്ചിട്ടില്ല. |

2. ഭിന്നശേഷിയുള്ളവർക്ക് ഭവന നിർമ്മാണം

പ്രോജക്ട് നം. – S044/16-

ഭിന്നശേഷി ഉള്ളവർക്ക് ഭവന നിർമ്മാണം, പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീട്ടു പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആനുകൂല്യം കൈപ്പറ്റിയ തവണ | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്യാമള ഗോപാലകൃഷ്ണൻ, ചിറയിൽ | ഒന്ന് | 20000 | പൂർത്തിയാക്കിയില്ല, എഗ്രിമെന്റ് വെച്ചിട്ടില്ല. |
| 2 | കനക സുകുമാരൻ തെക്കേപള്ളത്തിൽ | മൂന്ന് | 140000 | പൂർത്തിയാക്കിയില്ല, എഗ്രിമെന്റ് വെച്ചിട്ടില്ല. |
| 3 | ഷീബ രാജേഷ്, രാജേഷ് ഭവൻ | മൂന്ന് | 140000 | പൂർത്തിയാക്കിയില്ല, എഗ്രിമെന്റ് വെച്ചിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പുരോഗമിച്ചുവരുന്നതായാണ് അറിയിച്ചിട്ടുള്ളത്. ആനുകൂല്യം കൈപ്പറ്റിയവരുമായി കരാറിൽ ഏർപ്പെട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി.)- അനർഹരായവർക്ക് ആനുകൂല്യം നൽകി

പ്രോജക്റ്റ് നം. – S0016/16
നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി.), എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിലവിൽ കുടിവെള്ള കണക്ഷൻ ഉള്ളവർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളതായി കാണുന്നു. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം കുടിവെള്ള കണക്ഷൻ ഇല്ലാത്തവർക്ക് പുതുതായി കണക്ഷൻ എടുക്കുന്നതിനുള്ള പ്രോത്സാഹനം എന്ന നിലയ്ക്കാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ 2013, 2014 വർഷങ്ങളിൽ വാട്ടർ അതോറിറ്റിയിൽ നിന്നും കണക്ഷൻ എടുത്തിട്ടുള്ള വ്യക്തികൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. ഇത് അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച് 22.10.2016 ൽ നൽകിയ എൻക്വയറി നമ്പർ 13 ന് ലഭ്യമാക്കിയ മറുപടിയിൽ 2014-15, 15-16 എന്നീ വർഷങ്ങളിലായാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നും 2014-15ൽ കുടിവെള്ള കണക്ഷൻ എടുത്തവർ രേഖകൾ സമയബന്ധിതമായി ഹാജരാക്കാതിരുന്നതിനാലാണ്, ഇവർ 15-16ൽ രേഖകൾ ഹാജരാക്കിയപ്പോൾ ആനുകൂല്യം നൽകിയതെന്നും പറഞ്ഞിരിക്കുന്നു. ഇതിനു വിരുദ്ധമായി 25.11.13 ൽ വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള മാധവൻ, ശീമശ്ശേരിൽ എന്ന വ്യക്തിക്ക് ഡി.ഡി.നമ്പർ 197052/13.1.16 പ്രകാരം ആനുകൂല്യമായി നൽകിയ 6000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-15 നിർമ്മാണം പൂർത്തിയാക്കാത്ത വീടുകൾക്ക് ധനസഹായം

എ)

1. തദ്ദേശഭരണ സ്ഥാപനങ്ങളോ സർക്കാരിന്റെ ഏജൻസികളോ മുമ്പ് നടപ്പിലാക്കിയ ഭവന പദ്ധതികൾ പ്രകാരം, ഭാഗികമായി ധനസഹായം ലഭിച്ചതും വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതുമായ ഗുണഭോക്താക്കൾക്കാണ് പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹത. എന്നാൽ വർഷങ്ങൾക്കു മുമ്പേ ഭവന നിർമ്മാണം പൂർത്തിയാക്കി അസസ് ചെയ്തിട്ടുള്ള താഴെപ്പറയുന്ന വീടുകൾക്ക് ടി പദ്ധതിയിൽപ്പെടുത്തി ധനസഹായം നൽകി.

| പേര് | കെട്ടിട നമ്പർ/ വിസ്തീർണം | നിർമ്മാണം പൂർത്തിയാക്കി | നൽകിയ തുക/ ചെക്ക് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| | | അസസ്<br>ചെയ്ത വർഷം | |
| ഷിബുലാൽ, അശകന്തറവെളി വാർഡ് -4 | 22/255<br>70 $m^2$ | 2012-13 | 197934/26-02-16<br>20000/-രൂപ |
| ജയശ്രീ ,നികർത്തിൽ വാർഡ് - 4 | 4/388<br>90 m2 | 2013-14 | 197943/26-02-16<br>60000/-രൂപ |
| പ്രജോദ് ,ചേഞ്ചേരിൽ വാർഡ് - 4 | 4/120<br>30 $m^2$ | 2012-13 | 197958/26-02-16<br>7500/-രൂപ |
| അബ്ദുൾ റഷീദ്, കിഴക്കേവേലിക്കകത്ത് | 11/367B<br>64 $M^2$ | 2014-15 | 197912/26-02-16<br>22500/-രൂപ |

2. A.K തിലകൻ, ആലക്കടവ് ,വാർഡ്-6 എന്ന ഗുണഭോക്താവിന് EMS ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി 2011-12 വർഷം വരെ 52500/- രൂപ നൽകിയിരുന്നു. 2015-16 ൽ അരൂർ ഗ്രാമപഞ്ചായത്ത് ഓവർസിയർ നൽകിയ മൂല്യനിർണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടിൽപ്പെടുത്തി 22500/- രൂപ (197909/26-02-16) ടിയാന് അനുവദിച്ചിട്ടുണ്ട്. 2015-16 വർഷം VI/566A നമ്പറായി അസസ് ചെയ്തിട്ടുള്ള കെട്ടിടത്തിന്റെ തറ വിസ്തീർണം 75 m2 ആണ്. ഭവന നിർമ്മാണ പദ്ധതിയിൽ 60 ച. മീറ്ററിൽ കൂടാത്ത തറ വിസ്തീർണത്തിൽ നിർമ്മിക്കുന്ന വീടുകൾക്കേ സബ്സിഡിക്ക് അർഹതയുള്ളു. 75 $m^2$ തറ വിസ്തീർണമുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിന് തുക അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറിക്ക് ടിയാൻ ഇ.എം.എസ് ഭവനം പൂർത്തിയാക്കി 2013-ൽ അവസാന ഗഡുവിനായി സമീപിച്ചിരുന്നുവെങ്കിലും 2012 ൽ ഇ.എം.എസ് ഭവന പദ്ധതി അവസാനിച്ചിരുന്നതിനാൽ തുക നൽകാൻ സാധിച്ചില്ലെന്നും പിന്നീട് വീടിന്റെ വിസ്തൃതി കൂട്ടുകയാണ് ചെയ്തിട്ടുള്ളതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ടിയാൻ 2013 ൽ ഭവന നിർമ്മാണം പൂർത്തിയാക്കിയിരുന്നുവെന്ന് മനസിലാക്കാം. അതിനാൽ ടിയാൻ ടി പ്രോജക്ടിന്റെ അർഹനായ ഗുണഭോക്താവല്ല.
2012 ന ശേഷം ഇ.എം.എസ് ഭവന പദ്ധതി പ്രകാരം പൂർത്തീകരിച്ച വീടുകൾക്കാണ് ധനസഹായം നൽകിയിരിക്കുന്നതെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ നല്കിയ മറുപടി.
ജി. ഒ (ആർ.ടി ) 497/2011 തസ്വഭവ തീയതി 17-02-11 നമ്പർ ഉത്തരവ് പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താവിനാണ് ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹത എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ മേൽപ്പറഞ്ഞ മറുപടി അംഗീകരിക്കുന്നില്ല. അതിനാൽ തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം പ്രോജക്ട് നടപ്പിലാക്കുമ്പോൾ അർഹതയുള്ളവർക്ക് മാത്രം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) നിർമ്മാണം പൂർത്തിയാക്കാത്ത വീടുകൾക്ക് ധനസഹായം എന്ന പ്രോജക്ട് നടപ്പിലാക്കിയപ്പോൾ

മേൽ സൂചിപ്പിച്ച ഉത്തരവിലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. വി.ഇ.ഒ, അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർ എന്നിവരാരെങ്കിലും ഒരാൾ വീട് പരിശോധിച്ച് വാസയോഗ്യമല്ലെന്ന് സാക്ഷ്യപത്രം നൽകേണ്ടതാണ്.
2. വീടിന്റെ തറ വിസ്തീർണത്തിന് നിശ്ചയിച്ചിട്ടുള്ള അനുവദനീയമായ കൂടിയ പരിധി കണക്കിലെടുത്ത് പൂർത്തീകരിക്കേണ്ട ഭാഗത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.
3. ഭാഗികമായി പൂർത്തിയാക്കിയ വീടിന് മുന്നിൽ കുടുംബാംഗങ്ങൾ നിൽക്കുന്ന ഫോട്ടോ ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്.

2012 ന ശേഷം ഇ.എം.എസ് ഭവന പദ്ധതി പ്രകാരം പൂർത്തീകരിച്ച വീടുകൾക്കാണ് ധനസഹായം നൽകിയിരിക്കുന്നതെന്നും വീട് പൂർത്തികരിക്കാതെ കിടന്നിരുന്ന സാഹചര്യം ഇല്ലായിരുന്നുമെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ നല്കിയ മറുപടി

നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അർഹതയുള്ളവർക്ക് മാത്രം ധനസഹായം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 നെഹ്റു ഭവന നിർമ്മാണ പദ്ധതി

പ്രോജക്ട് നമ്പർ – S0036/16
നിർവ്വഹണം – വി. ഇ. ഒ, ചന്തിരൂർ

നെഹ്റു ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി ആദ്യഗഡു കൈപ്പറ്റിയ താഴെപ്പറയുന്നവർ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയതായി കാണുന്നില്ല.

| | | |
|---|---|---|
| സലോമി ആന്റണി , ദുസ്സംപറമ്പിൽ , വാർഡ്-13 | 196127/16-11-15 | 20000/- |
| ഗായത്രി ഷാജി , വളവന്തറ വാർഡ് -12 | 196419/15-12-15 | 20000/- |
| ആകെ | | 40000/- |

മേൽപ്പറഞ്ഞവർ അടിത്തറപണിയാത്ത സാഹചര്യത്തിലാണ് തുടർന്നുള്ള ഗഡുക്കൾ നൽകാതിരുന്നതെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുൻകൂർ നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-17 ഭവന പുനരുദ്ധാരണം- അനധികൃതമായി നിർമ്മിച്ച വീടുകൾക്ക് ധനസഹായം നൽകി.

1. വി.ഇ.ഒ, അരൂർ സെൻട്രൽ നടപ്പിലാക്കിയ ഭവന പുനരുദ്ധാരണ പ്രോജക്ടുകൾ പ്രകാരം താഴെപ്പറയുന്നവരുടെ വീടുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇവർ ഹാജരാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്ത് നൽകിയ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിൽ കെട്ടിടത്തിന്റെ നമ്പർ UA (Unauthorised)എന്നാണ് കാണിച്ചിരിക്കുന്നത്.

| പ്രോജക്ടിന്റെ പേര് | ആനുകൂല്യം കൈപ്പറ്റിയ ആൾ | കെട്ടിട നമ്പർ | കൈപ്പറ്റിയ ധനസഹായം, ഡി.ഡി. നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| ഭിന്നശേഷിയുള്ളവർക്ക് ഭവന പുനരുദ്ധാരണം | ജോർജ്ജ് , കുരികയിൽ | UA/12/127 | 122865/02-04-16<br>10000/- രൂപ |
| ഭവന പുനരുദ്ധാരണം (ജനറൽ) | പാർവതി ഭാർഗ്ഗവൻ, പുതിയാത്ത് | UA/I/332 | 196968/30-12-15<br>10000/- രൂപ |

അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ച് നീക്കം ചെയ്യാൻ ഗ്രാമപഞ്ചായത്ത് ബാധ്യസ്ഥമായിരിക്കെ മേൽ പ്രോജക്ടിൽപ്പെടുത്തി ഇത്തരം കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിന് ആനുകൂല്യം നൽകിയത് ശരിയല്ല. ഇത്തരം കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിനുശേഷം മാത്രം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ഭവന പുനരുദ്ധാരണത്തിന് കരാർ വെച്ച് മുൻകൂർ കൈപ്പറ്റിയിട്ടും പണിപൂർത്തികരിക്കാത്തവരുടെ പേരു വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | ആനുകൂല്യം കൈപ്പറ്റിയ ആൾ | കൈപ്പറ്റിയ ധനസഹായം |
|---|---|---|
| ഭിന്നശേഷിയുള്ളവർക്ക് ഭവന പുനരുദ്ധാരണം | രാജമ്മ , നിർമ്മല നിവാസ് വാർഡ് -16 | 196983/31-12-15, 10000/- രൂപ |
| ഭവന പുനരുദ്ധാരണം (ജനറൽ) | ജോസഫ്, മാറുവേലിച്ചിറ വാർഡ് -13 | 196960/30-12-15, 10000/- രൂപ |

പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം മുൻകൂർ നൽകിയ 20000/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-18 പാലിയേറ്റീവ് നഴ്സിന്റെ നിയമനം വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 35 (എഫ് ) പ്രകാരം ഒരു പഞ്ചായത്ത് അംഗം സർക്കാരുമായോ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായോ ഒരു കരാറിലേർപ്പെടുകയോ അവയ്ക്കുവേണ്ടി ചെയ്യുന്ന ജോലിയിലോ എന്തെങ്കിലും അവകാശ ബന്ധം ആർജിക്കുകയോ ചെയ്താൽ നിയമപ്രകാരം അംഗത്വത്തിന് അയോഗ്യയാകുന്നതാണ്. 2015-16 സാമ്പത്തിക വർഷത്തെ പാലിയേറ്റീവ് പരിചരണത്തിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ പാലിയേറ്റീവ് നഴ്സായി ജോലി നോക്കുന്ന ശ്രീമതി. ജാസ്മിൻ, മുളക്കപ്പറമ്പിൽ ഗ്രാമപഞ്ചായത്ത് 11- ാം വാർഡ് മെമ്പർ കൂടിയാണ്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖകൾ (ജി.ഒ (എം.എസ്) 228/2012 തസ്വഭവ തിയതി 23.08.2012 & ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തിയതി 29.10.2015) പ്രകാരം പാലിയേറ്റീവ് നഴ്സായി നിയമിക്കപ്പെടുന്നവർ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ സി.ഡി.എസുമായി കരാറിലേർപ്പെടേണ്ടതാണ്. ശ്രീമതി. ജാസ്മിൻ, മുളക്കപ്പറമ്പിൽ ഈ കാലയളവിൽ പാലിയേറ്റീവ് നഴ്സ് എന്ന നിലയിൽ വേതനവും, ഗ്രാമപഞ്ചായത്തംഗം എന്നീ നിലയിൽ ഓണറേറിയവും കൈപ്പറ്റിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തംഗം, പഞ്ചായത്തിന് കീഴിൽ ഒരു കരാർ പ്രകാരം വേതനം കൈപ്പറ്റുന്ന പാലിയേറ്റീവ് നഴ്സ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നതിന് എന്തെങ്കിലും സർക്കാർ ഉത്തരവോ അനുമതിയോ ലഭിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് ഓഡിറ്റ് എൻക്വയറി (നം. 11/22.10.2016) നൽകിയെങ്കിലും പഞ്ചായത്ത് വ്യക്തമായി മറുപടി നൽകിയില്ല. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 പാലിയേറ്റീവ് പരിചരണ പദ്ധതി - ഹോംകെയർ നടത്താത്ത ദിനങ്ങളിലും വാഹനവാടക നല്കി

പാലിയേറ്റീവ് പരിചരണം (പ്രോജക്റ്റ് നം -S0050/16)

ബിൽ നം-01/2015-16 Rs.74,120/- c/o 22.08.2015
ബിൽ നം-02/2015-16 Rs.72,100/- c/o 31.12.2015
ബിൽ നം-03/2015-16 Rs.58,300/- c/o 28.03.2016

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ (പ്രോജക്റ്റ് നം- എസ് 0050/16) നടത്തിപ്പിലേക്കായി വികസനഫണ്ടിൽ നിന്നും 2,04,520/- രൂപ ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖകൾ (ജി.ഒ (എം.എസ്) 228/2012 തസ്വഭവ തിയതി 23.08.2012 & ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തിയതി 29.10.2015) പ്രകാരം പാലിയേറ്റീവ് നഴ്സ് തയ്യാറാക്കി സൂക്ഷിക്കേണ്ട പാലിയേറ്റീവ് ഹോം കെയർ റിപ്പോർട്ട് ബുക്കാണ് ഓരോ ദിവസത്തെയും ഗൃഹ സന്ദർശനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്ന ആധികാരിക രേഖ. ഹോം കെയർ തുടങ്ങിയ സമയം, രോഗികളുടെ വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, രോഗികളുടെ അവസ്ഥ, ടീമംഗങ്ങളുടെ വിവരം , ചെയ്ത സേവനങ്ങൾ, എന്നിവയെല്ലാം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഹോം കെയർ റിപ്പോർട്ട് ബുക്ക് പ്രകാരമാണ് ഭവനസന്ദർശനം നടത്തുന്ന ദിവസങ്ങളിലെ വാഹന വാടക, ഭക്ഷണച്ചെലവ് എന്നിവ അനുവദിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തെ പാലിയേറ്റീവ് പരിചരണത്തിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ ഹോം കെയർ റിപ്പോർട്ട് ബുക്ക് പ്രകാരം ഭവനസന്ദർശനം നടത്തിയിട്ടില്ലാത്ത താഴെപ്പറയുന്ന ദിവസങ്ങളിലെ വാഹന വാടകയായി 8000/- രൂപ (പ്രതിദിനം 1000/- രൂപ നിരക്കിൽ ) അധികമായി നൽകിയിട്ടുണ്ട്.

| കരാറുകാരന്റെ പേര് | യാത്രാ തീയതി | വൗച്ചർ നം | തുക |
|---|---|---|---|
| ശ്രീ.ആൻസൺ | 20/11/2015 | 89/15-16 | Rs.1000 |
| | 24/11/2015 | 90/15-16 | Rs.1000 |
| | 27/11/2015 | 91/15-16 | Rs.1000 |
| | 15/12/2015 | 96/15-16 | Rs.1000 |
| | 18/12/2015 | 97/15-16 | Rs.1000 |
| | 29/12/2015 | 99/15-16 | Rs.1000 |
| | 01/01/2016 | 100/15-16 | Rs.1000 |
| | 15/01/2016 | 104/15-16 | Rs.1000 |
| ആകെ | | | Rs.8000 |

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 10/22.10.2016) നൽകിയെങ്കിലും മറുപടി നൽകിയില്ല. ഹോം കെയർ റിപ്പോർട്ട് ബുക്ക് പ്രകാരം ഭവനസന്ദർശനം നടത്താത്ത ദിവസങ്ങളിലെ വാഹന വാടക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

## 3-20 ആവശ്യകതാ നിർണ്ണയം നടത്താതെ വൻതോതിൽ മരുന്നുകൾ വാങ്ങിക്കൂട്ടുന്നു

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിലായി 2015-16-ൽ മാത്രം ഇരുപതു ലക്ഷത്തിലധികം രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1. പ്രോജക്ട് നം. : 57/16(ജീവിത ശൈലി രോഗ പ്രതിരോധ പദ്ധതി)

   അടങ്കൽ : 1,00,000/-(ത.ഫ.)

   ചെലവ് : 1,00,000/-(ഡി.ഡി. നം. 198963/17.03.16)

2. പ്രോജക്ട് നം. : 27/16(ആയുർവേദാശുപത്രിയ്ക്ക് മരുന്നു വാങ്ങൽ)

   അടങ്കൽ : 10,00,000-(മെ.ഫ. റോഡിതരം)

   ചെലവ് :10,00,000/-(1.ബിൽ നം. 3/15-16/27.10.15- 1,74,992/-)

   2. ബിൽ നം. 4/15-16/27.10.15- 8,25,008/-)

3. പ്രോജക്ട് നം. : 28/16(ഇമ്മ്യൂണിറ്റി ക്ലിനിക്ക്)

   അടങ്കൽ : 4,00,000/-(വി.ഫ.)

   ചെലവ്: 4,00,000/-(ബിൽ നം. 5/15-16/27.10.15)

4. പ്രോ. നം. : 29/16(വൃദ്ധ ജനങ്ങൾക്ക് സമഗ്ര രോഗപ്രതിരോധ പരിചരണം)

അടങ്കൽ : 5,00,000/-(വി.ഫ.)

ചെലവ് : 5,00,000/-(ബിൽ നം. 9/15-16/28.03.16)

5. പ്രോജക്ട് നം. : 99/16(ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ)

അടങ്കൽ : 2,00,000-(മെ.ഫ. റോഡിതരം)

ചെലവ് : 2,00,000/-(.ബിൽ നം. 2/15-16/14.10.15)

മെഡിക്കൽ ഓഫീസർ നിർവ്വണം നടത്തിയ I, III, IV പ്രോജക്ടുകളുടെ നടത്തിപ്പ് മരുന്ന വാങ്ങലുകളിൽ മാത്രമായി ഒതുങ്ങി. ഓരോ ഇനം മരുന്നുകളും മെയിൻ സ്റ്റോക്കിൽ നിന്നും ഇൻഡന്റ് മുഖേന സബ്സ്റ്റോക്കിലെടുത്ത് ക്രമേണ ബാലൻസ് ശൂന്യമാക്കുന്ന വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത്. മരുന്നുകൾ രോഗികൾക്കു വിതരണം ചെയ്യുന്ന അളവ്, എണ്ണം എന്നിവ കാണിക്കുന്ന വിതരണ രജിസ്റ്റർ (ഓരോ പ്രോജക്ടിനും പ്രത്യേകം) സൂക്ഷിച്ചതായി കാണുന്നില്ല. ഭൗതീക പരിശോധനയിൽ 2015-16-ൽ ആയുർവേദാശുപത്രിയ്ക്ക് മരുന്ന വാങ്ങൽ (നം. 27/16), വൃദ്ധ ജനങ്ങൾക്ക് സമഗ്ര രോഗ പ്രതിരോധ പരിചരണം (നം.29/16), ജീവിത ശൈലി രോഗ പ്രതിരോധ പദ്ധതി (നം. 57/16) മുഖേന പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും വാങ്ങിയ മരുന്നുകൾ കാർട്ടനുകൾ പൊട്ടിക്കാതെ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. മരുന്നുകൾ പലതിനും കാലാവധി ഉള്ളതുമാണ്. വൃദ്ധജനങ്ങൾക്കായി പ്രോജക്ട് രൂപീകരിച്ച് മരുന്ന വാങ്ങിയിട്ട് അവ നാളിതുവരെയായിട്ടും വിതരണം ചെയ്യാതിരിക്കുന്നതിനും ഓരോ വർഷവും പ്രോജക്ട് വഴിയായി മരുന്നുകൾ മുറയ്ക്ക് വാങ്ങുന്നതിനാൽ തൻവർഷം മാത്രം ഇരുപത് ലക്ഷം രൂപയ്ക്ക് മരുന്നുകൾ വാങ്ങിയതിനും വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറി നം. 39/26.10.16 -ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.നിലവിൽ കേവലം 10 ഇൻപേഷ്യന്റ്സിന്റെ കപ്പാസിറ്റി മാത്രമുള്ള ആശുപത്രിയിൽ ഇപ്രകാരം ആവശ്യകതാ നിർണ്ണയം നടത്താതെ മരുന്നുകൾ വാങ്ങിക്കൂട്ടുന്ന രീതി ഒഴിവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 സ്കൂൾ കുട്ടികൾക്ക് പഠനോപകരണ വിതരണം - അപാകതകൾ

പ്രോജക്ട് നം. – S0014/16

2015-16 ൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ സ്കൂൾ കുട്ടികൾക്ക് പഠനോപകരണ വിതരണം എന്ന പദ്ധതി പ്രകാരം പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട സ്കൂൾ കുട്ടികൾക്ക് യൂണിഫോം വാങ്ങുന്നതിനായി ബിൽ നമ്പർ 28/15-16/ 16.3.16 പ്രകാരം 25400/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ യൂണിഫോം വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ യൂണിഫോം വിതരണം സംസ്ഥാന സർക്കാർ വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ ഖണ്ഡിക 4-7 പ്രകാരം ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതായ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ല. ഈ നിർദ്ദേശത്തിന് വിരുദ്ധമായാണ് മേൽ പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുള്ളത്. സ്കൂളുകൾ മുഖാന്തിരം രണ്ട് ജോഡി വീതം യൂണിഫോം നൽകി വരുന്ന സ്ഥിതിക്ക് ഇത്തരം പദ്ധതി ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് വിദ്യാഭ്യാസ വകുപ്പിന് സമാന്തരമായി പണം ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 3-22 പട്ടികജാതിക്കാർക്ക് ഓട്ടോ ടാക്സി വിതരണം- മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി.

പ്രോജക്റ്റ് നം. - S0222/15

(ബിൽ നം. - 1/15-16, 100000/- രൂപ, തീയതി. 15.06.2015)

നിർവ്വഹണ ഉദ്യോഗസ്ഥ - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതിക്കാർക്ക് ഓട്ടോ ടാക്സി വിതരണം എന്ന പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭമായി ഓട്ടോ ടാക്സി നൽകുന്നതിനായി 2015-16 ൽ 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളെ ഗ്രാമസഭ ലിസ്റ്റിൽ നിന്നും മുൻഗണന ക്രമത്തിൽ തെരെഞ്ഞെടുത്ത് ആനുകൂല്യം നൽകുന്നതിന് പകരം ലിസ്റ്റിൽ ഉൾപ്പെട്ട 22 വാർഡുകളിലെയും ഗുണഭോക്താക്കളുടെ ഓരോ യോഗം വിളിച്ച് ചേർത്ത് അതിൽ പങ്കെടുത്ത 6 പേരിൽ ആദ്യം രേഖകൾ ഹാജരാക്കിയവർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഇപ്രകാരം തീരുമാനിച്ച വിവരം ലിസ്റ്റിലുൾപ്പെട്ട മറ്റ് ഗുണഭോക്താക്കളെ അറിയിച്ചത് സംബന്ധിച്ച രേഖകളൊന്നുമില്ല. ഇത് തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഓട്ടോറിക്ഷ വിതരണ പദ്ധതി വായ്പാബന്ധിതമായാണ് നടപ്പിലാക്കേണ്ടത്. സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്കാണ് നൽകേണ്ടത്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പ അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സബ്സിഡി ബാക്ക് എൻഡ് സബ്സിഡിയായി നൽകുന്നതിന് പകരം ഗുണഭോക്താക്കളുടെ പേരിൽ ഡി.ഡി. ആയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്കനുസൃതമായി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-23 ഫർണ്ണീച്ചർ വാങ്ങൽ- ടെണ്ടർ നടപടിക്രമം പാലിക്കാതെ കൂടിയ നിരക്കിൽ വാങ്ങിയതു മൂലം അധിക ചെലവ്

2015-16 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ സ്പിൽ ഓവറായി നടപ്പിലാക്കിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ വിതരണം എന്ന പദ്ധതിയുടെ (പ്രോജക്റ്റ് നം- എസ് 00139/16) നടത്തിപ്പിലേക്കായി വികസനഫണ്ടിൽ നിന്നും 71,250/- രൂപ ചെലവഴിച്ച് ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്. (ബിൽ നം-01/2015-16 Rs.71,250/- dtd 29.09.2015) വാങ്ങൽ രേഖകൾ പരിശോധിച്ചതിൽ ടെണ്ടർ ഷെഡ്യൂൾ പ്രകാരം 4" x 2"feet സ്റ്റീൽ ഓഫീസ് ടേബിൾ 26 ഗേജ് (One side Cupboard & drawer,Novapan top), S Type സ്റ്റീൽ ഓഫീസ് ചെയർ എന്നിവ വാങ്ങുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്. ഈ സ്പെസിഫിക്കേഷനിലുള്ള ഫർണ്ണീച്ചറിന് താഴപ്പറയുന്ന നിരക്കിലാണ് സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തത്.

| ക്രമ നം | സ്ഥാപനം | ടേബിൾ | ചെയർ |
|---|---|---|---|
| 1 | കണ്ടേത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് | 1800 രൂപ | 1400 രൂപ |
| 2 | എ - വൺ ഫർണ്ണീച്ചർ | 1950 | 1850 |
| 3 | നവഭാരത് ഏജൻസീസ് | 2224 | 1440 |

ടെണ്ടർ ക്ഷണിച്ച ഇനത്തിലെ കുറഞ്ഞ നിരക്ക് പ്രകാരം വാങ്ങാതെ ടെണ്ടർ ഷെഡ്യൂളിൽ ഇല്ലാത്ത 22 ഗേജ് ഓഫീസ് ടേബിൾ 2100/- രൂപ നിരക്കിലും ചെയർ 1650/- രൂപ നിരക്കിലുമാണ് എ വൺ ഫർണ്ണീച്ചർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത്. എന്നാൽ എ വൺ ഫർണ്ണീച്ചർ ഹാജരാക്കിയ ബില്ലിൽ ടേബിൾ, ചെയർ എന്നിവയുടെ ഗേജ് സംബന്ധിച്ച വിവരങ്ങളൊന്നുമില്ല. അതിനാൽ ലഭ്യമായ സാധനങ്ങളുടെ ഗേജ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട്

ലഭ്യമാക്കേണ്ടതാണ്. ടെണ്ടർ ചെയ്യാതെ 22 ഗേജിന്റെ സാധനങ്ങൾ വാങ്ങിയിനുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-24 താറാവ് വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താറാവ് വിതരണം എന്ന പ്രോജക്ടിൽ പദ്ധതി ആനുകൂല്യം കൈപ്പറ്റാത്ത ഗുണഭോക്താക്കളിൽ നിന്നും പിരിച്ച ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല. പ്രോജക്ടിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

അടങ്കൽ – 133110/-

വികസന ഫണ്ട് – 95,140/-

ഗുണഭോക്തൃവിഹിതം – 37,950/-

ചെലവ്- വികസന ഫണ്ട് – 95,140/-

ഗുണഭോക്തൃവിഹിതം – 32,660/-

330 യൂണിറ്റ് താറാവിനെ നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത് (ഒരു യൂണിറ്റ് - 5 താറാവ്) ഇതിലേക്ക് ഗുണഭോക്തൃവിഹിതമായി 330 യൂണിറ്റിന് 37950/- രൂപ പിരിച്ചെടുത്തു. (115 x 330) എന്നാൽ 284 ഗുണഭോക്താക്കൾക്ക് മാത്രമാണ് താറാവിനെ വാങ്ങി വിതരണം ചെയ്തിരിക്കുന്നത്. അധികമായി വാങ്ങിയ ഗുണഭോക്തൃ വിഹിതം നാളിതു വരെയായിട്ടും തിരികെ നൽകാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. പദ്ധതി തുടർന്ന് നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ബാക്കി ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം തിരികെ നൽകേണ്ടതാണ്.

## 3-25 കൺവീനറുടെ കണക്കുകൾ പരിശോധിക്കാതെ തുക അനുവദിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു.

പുന്നത്തറ റോഡ് റീടാറിംഗ് വാർഡ് -10
പ്രോജക്ട് നമ്പർ – S0073/16

കണവീനർ – ബെന്നി,ഇടപ്പറമ്പ്

അളവു പുസ്തകം – 55/16

ചെലവു വിവരം –

ഡി. ഡി. 195989/29-10-15 രൂപ 75000/-

ബിൽ നം -81/16/29-03-16 രൂപ 151891/-

എ) വെള്ളക്കെട്ട് കാരണം സഞ്ചാരയോഗ്യമല്ലാത്ത 43 മീറ്റർ ഭാഗം ക്വാറിമക്ക് ഉപയോഗിച്ച് ഫില്ല് ചെയ്ത് പുറമേ ഗ്രാവലിട്ട് ഉയർത്തി ടാർ ചെയ്യുവാൻ പ്രോജക്ട് ലക്ഷ്യമിടുന്നു. ഇതിന്റെ ഒന്നാമിനമായി ക്വാറിമക്ക് ഫില്ല് ചെയ്തതിന് 14.375 $m^3$ അളവിന് 1023/$m^3$ നിരക്കിൽ 14706/- രൂപയും ഇനം രണ്ടായി ഗ്രാവൽ വിരിച്ചുറപ്പിച്ചതിന് 24$m^3$ അളവിന് 891.18/$m^3$ നിരക്കിൽ 21388/- രൂപയും ഉൾപ്പെടെ 36094/- രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്.

ഗുണഭോക്തൃസമിതി അംഗീകരിച്ച കണക്കു പ്രകാരം ആകെച്ചെലവ് 283773/- രൂപയാണ്. കണക്കുകൾ പരിശോധിച്ചതിൽ ക്വാറിമക്ക് വാങ്ങിയിതിന് ചെലവ് വന്നിട്ടില്ല. പകരം ഫില്ലിംഗിന് 28 $m^3$ ഗ്രാവൽ മാത്രമാണ് വാങ്ങിയിട്ടുള്ളത്. അതിനാൽ ടി പ്രവർത്തിയിൽ ഇനം 1 ഉം 2 ഉം ഗ്രാവലുപയോഗിച്ചാണ് ഫില്ലിംഗ് നടത്തിയിരിക്കുന്നതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

അതിനാൽ ഫില്ലിംഗിന് 28 $m^3$ ഗ്രാവൽ മാത്രം വാങ്ങിയിട്ടുള്ളപ്പോൾ അനുവദിക്കാവുന്ന തുക 28 @ 891.18/$m^3$ = 24953/- രൂപയാണ്.

ഇനം 1, 2 ന് അനുവദിച്ച തുക -36094/-

അധികം - 11141/-

ബി) സ്ക്രീനിംഗ് മെറ്റീരിയലായി കൺവീനർ വാങ്ങിയിരിക്കുന്നത് 3$m^3$ മാത്രമാണ്. എന്നാൽ ഇനം 4, ഇനം 8 എന്നിവ പ്രകാരം സ്ക്രീനിംഗ് മെറ്റീരിയൽ സ്റ്റാക്ക് ചെയ്യതിന് യഥാക്രമം 2.52 $m^3$ ഉം 2.34$m^3$ ഉം അളവിൽ ക്ലിപ്തപ്പെടുത്തി 1863.85 $m^3$ നിരക്കിൽ 4.86$m^3$ ന് 9058/- രൂപ അനുവദിച്ചിട്ടുണ്ട്.

കൺവീനർ 3$m^3$ മാത്രം വാങ്ങിയിട്ടുള്ളപ്പോൾ അനുവദിക്കാവുന്ന തുക – 3 @1863.85/$m^3$ = 5592/-

അധികം - 3466/-

കൺവീനർ നൽകിയ കണക്കിൽ ക്വാറിമക്കിന്റെ അളവ് രേഖപ്പെടുത്തുകയോ സ്ക്രീനിംഗ് മെറ്റീരിയലിന്റെ അളവ് കൃത്യമായി സൂചിപ്പിക്കുകയോ ചെയ്യിട്ടില്ലെന്നും ഇക്കാര്യങ്ങൾ ശ്രദ്ധിക്കാതെയാണ് ബില്ല് തയ്യാറാക്കിയതെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. കൺവീനറുടെ കണക്കുകൾ പരിശോധിക്കാതെ തുക നൽകിയത് അധികച്ചെലവിനിടയാക്കി. അതിനാൽ മേൽപ്പറഞ്ഞ 14607/- രൂപ (11141 +3466) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-26 ഡി.എ.ആറിൽ ഉൾപ്പെട്ട ഇനത്തിന് ഒബ്സർവ്ഡ് ഡേറ്റ നിരക്കിൽ തുക അനുവദിക്കുന്നു

2015-16 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ സപ്ലയിംഗ് & സ്റ്റാക്കിംഗ് ഗുഡ് എർത്ത് എന്ന ഇനത്തിന് 1065.20/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. ഡി.എ.ആർ. ഇനം 16.3.9 പ്രകാരം കൺവീനർ വർക്കുകൾക്ക് ആലപ്പുഴ ജില്ലയിൽ അനുവദിക്കാവുന്ന നിരക്ക് 406.59/$m^3$ ആണ്. ചീഫ് എഞ്ചിനീയറുടെ 13.02.2014 ലെ ഡി.ബി. 3/6512/2013/W/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഡി.എ.ആറിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരിനത്തിന്റെ നിരക്ക് ആവശ്യമായി വരുന്ന പക്ഷം ഒബ്സർവ്ഡ് ഡേറ്റാ തയ്യാറാക്കാവുന്നതാണ്. ഇതിൽ നിന്നും ഡി.എ.ആറിൽ ഉൾപ്പെട്ടിട്ടുള്ള ഇനത്തിന് ഒബ്സർവ്ഡ് ഡേറ്റ തയ്യാറാക്കുന്നതല്ല എന്ന് വ്യക്തമാണ്. എന്നാൽ മേൽ പറഞ്ഞ ഇനത്തിന് ഡി.എ.ആർ. പ്രകാരം വ്യക്തമായി നിരക്ക് നിർണ്ണയിച്ചിട്ടുണ്ടെന്നിരിക്കെ ഒബ്സർവ്ഡ് ഡേറ്റ തയ്യാറാക്കിയത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേലധികാരികളുടെ നിർദ്ദേശ പ്രകാരം ഇനം 16.3.9 മോഡിഫൈ ചെയ്താണ് ഡേറ്റ തയ്യാറാക്കിയിട്ടുള്ളതെന്ന് പറഞ്ഞിരിക്കുന്നു. മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം മാറ്റം വരുത്തുന്നതിന് ആധാരമായ ഉത്തരവുകൾ ഹാജരാക്കേണ്ടതാണ്.

## 3-27 മൊബിലൈസേഷൻ അഡ്വാൻസ് നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവർത്തിപൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം - 244/15

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

പഞ്ചായത്ത് വക കളിസ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഗുണഭോക്തൃ സമിതി കൺവീനറായ ശ്രീ. കെ. എ. മോഹനൻ, കോതാട്ടുതറ, നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെച്ചതിനെ തുടർന്ന് 965089/26.09.2014 നമ്പർ ഡി. ഡി. പ്രകാരം 1,00,000/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ഇപ്പോൾ 80 മീറ്ററോളം നീളത്തിൽ ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ നൽകിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകുന്നതിനും, ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-28 ബ്ലായിപ്പറമ്പ് റോഡ് ടാറിംഗ്- പൈപ്പിന്റെ വ്യാപ്തം കുറവ് ചെയ്തില്ല.

പ്രോജക്ട് നം. – S0058/16-

കൺവീനർ – കെ.എസ്. സെൽവൻ

അളവ് പുസ്തകം – 84/16
ഡി.ഡി.നമ്പർ 965149/ 30.12.14 – 100000
ബിൽ നമ്പർ 48/16/31.3.16 – 322645

ബ്ലായിപ്പറമ്പ് റോഡ് ടാറിംഗ്- വേലയുടെ അളവ് പുസ്തകം പുറം 1 പ്രകാരം 450mm ഡയമീറ്ററുള്ള NP2ക്ലാസ് പൈപ്പ് 32 എണ്ണം ഡ്രൈയിനേജ് സൗകര്യത്തിനുവേണ്ടി റോഡിന് നടുവിലൂടെ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ രണ്ടാമിനമായി ഗ്രാവലി എർത്ത് ഫില്ലിംഗ് 90.801$m^3$ ഫില്ല് ചെയ്തതിന് 8065/10$m^3$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ മൂല്യ നിർണ്ണയം നടത്തിയപ്പോൾ ഒന്നാമിനമായി ചെയ്ത 32 എണ്ണം 450mm NP2ക്ലാസ് പൈപ്പിന്റെ വ്യാപ്തം കുറവ് ചെയ്തിട്ടില്ല. (പൈപ്പിന്റെ വാപ്തം 3.14x 0.45x0.45/4x2.5x32= 12.71$m^3$). ഇപ്രകാരം പൈപ്പിന്റെ വ്യാപ്തം കുറവ് ചെയ്യാതിരുന്നത് മൂലം 12.71$m^3$ ഗ്രാവലിന് 8065/10$m^3$ നിരക്കിൽ 10251/- രൂപ അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/26.10.2016)ലഭ്യമാക്കിയ മറുപടിയിൽ പൈപ്പ് ലൈൻ സ്ഥാപിച്ച സ്ഥലത്ത് ഗ്രാവലി എർത്ത് ഉപയോഗിച്ചിട്ടില്ലാത്തതിനാൽ പൈപ്പിന്റെ വ്യാപ്തം കുറവ് ചെയ്തിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ റോഡിന്റെ മധ്യഭാഗത്ത് പൈപ്പ് സ്ഥാപിക്കുന്നതായിട്ടാണ് കാണിച്ചിട്ടുള്ളത്. ആയതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-29 മനോരമ -തോട്ടുങ്കര കാണ നിർമ്മാണം - -കൺവീനറുടെ കൈവശം അധികം നിൽക്കുന്നത് 19120/- രൂപ.

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനിയർ

അളവ്വ പുസ്തകം – 141/15

1. മനോരമ -തോട്ടുങ്കര കാന നിർമ്മാണ പ്രവർത്തിയുടെ ഗുണഭോക്തൃസമിതി കൺവീനറായ ശ്രീ. വർഗ്ഗീസ് 12-03-15ൽ നിർവ്വഹണോദ്യോഗസ്ഥനുമായി കരാർ വെച്ചതിനെ തുടർന്ന് 194590/20-06-14 നമ്പർ ഡി.ഡി. പ്രകാരം 75000/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട അളവ്വ പുസ്തകം പരിശോധിച്ചതിൽ നാളിതുവരെ ചെയ്ത പ്രവർത്തിയുടെ മൂല്യം 173396/- രൂപ മാത്രമാണ്. ചെയ്ത വേലയുടെ മൂല്യത്തിൽ നിന്നും മുൻകൂർ നൽകിയ ഇനത്തിൽ 37500/- രൂപയും റിടെൻഷൻ തുകയായി 18380/- രൂപയും കുറവ്വ ചെയ്ത് 117516/- രൂപ (ഡി.ഡി നം -197042/01-01-16 ) ഒന്നാം പാർട്ട് ബില്ലായി നല്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ടു ഡി.ഡികൾ പ്രകാരം കൺവീനർക്ക് ആകെ 192516/- രൂപ നൽകിയിട്ടുണ്ട്. തുടർന്നുള്ള പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

   2016 ആഗസ്റ്റ് മാസം പൂർത്തീകരിച്ചിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഫൈനൽബിൽ നൽകിട്ടില്ലാത്തതിനാൽ കൺവീനറുടെ കൈവശം അധികം നിൽക്കുന്ന 19120/- (192516-173396) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. ടി പ്രവൃത്തിയിൽ കാനയുടെ ബെഡ് നിർമ്മിച്ചിരിക്കുന്നത് 1:4:8 സിമന്റ് കോൺക്രീറ്റിംഗ് 20 cm കനത്തിലാണ്. (അളവു പുസ്തകം 141/15) ചീഫ് എഞ്ചിനിയറുടെ (അഡ്മിനിസ്ട്രേഷൻ) 20.01.94 ലെ 1/94 നമ്പർ ടെക്നിക്കൽ സർക്കുലർ പ്രകാരം കാനയുടെ ബെഡ് നിർമ്മിക്കേണ്ടത് 1:4:8 സിമന്റ് കോൺക്രീറ്റിംഗിൽ 15 cm കനത്തിലാണ്. കൂടുതൽ കനം നൽകി അധികച്ചെലവ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-30 മുളക്കപ്പറമ്പ് പുല്ലുവേലി റോഡ് മെറ്റലിംഗ് -സ്റ്റോൺ അഗ്രഗേറ്റ് സ്റ്റാക്ക് ക്വാണ്ടിറ്റിക്ക് പണം നൽകി.

പ്രോജക്ട് നം. – S0117/16

കൺവീനർ – ബദറുദ്ദീൻ,
അളവ് പുസ്തകം – 6/15-16
ആകെ മൂല്യം – 353241

ബിൽ നമ്പർ – 20/15-16, 28.9.15 - 300,000/-

ഡി ഡി നമ്പർ – 195613/3.10.15 - 53241

മുളക്കപ്പറമ്പ് പുല്ലുവേലി റോഡ് മെറ്റലിംഗ് - വേലയുടെ മൂന്നാമിനമായി സപ്ലയിംഗ് ആന്റ് സ്റ്റാക്കിംഗ് 63 mm to 45mm സ്റ്റോൺ അഗ്രഗേറ്റ് അളവ് പുസ്തകം പുറം 6 പ്രകാരം 56.397$m^3$ സ്റ്റാക്ക് ചെയ്തത് 56.10$m^3$ൽ പരിമിതപ്പെടുത്തി 1708.25/$m^3$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ പട്ടിക 16.12 ൽ ലൂസ് സ്റ്റാക്കിൽ നിന്നും 7.5% കുറവ് ചെയ്തതിന് ശേഷം മാത്രമേ പേയ്മെന്റ് നടത്താവൂ എന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുറവ് ചെയ്യാതിരുന്നത് മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. അധികം നൽകിയ തുക 4.2$M^3$ (56.397 X 7.5%), @ 1708.25/M3 = 7175രൂപ)

7175/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റാക്ക് ചെയ്തിരുന്ന മെറ്റലുകൾ അളന്ന് തിട്ടപ്പെടുത്തിയപ്പോൾ 7.5% കുറച്ച് ബാക്കിയുള്ള മെഷർമെന്റുകളാണ് ഷെഡ്യൂൾ ഓഫ് റേറ്റ്സിലെപോലെ തന്നെ ഡി.എസ്.ആർ പ്രകാരമുള്ള പ്രവർത്തികളിലും രേഖപ്പെടുത്തിയിരിക്കുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഡി.എസ്.ആർ പ്രകാരം നടപ്പിലാക്കിയ മറ്റ് പ്രവർത്തികളിൽ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% കുറവ് വരുത്തിയാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത് അതിനാൽ മേൽ നടപടി അംഗീകരിക്കുന്നില്ല.

## 3-31 ആയുർവ്വേദ ആശുപത്രി മെയിന്റനൻസ്- വിൽപന നികുതി അധികം നൽകി.

പ്രോജക്ട് നം. – S0283/15, കൺവീനർ - ഡോ. ജയൻ

അളവ് പുസ്തകം – 127/15

ആകെ മൂല്യം – 302285

ബിൽ നമ്പർ – 16/15-16/ 13.8.15 - 302285

ഈ വേലയുടെ രണ്ടാമിനമായി അളവ് പുസ്തകം പുറം 11 പ്രകാരം സപ്ലയിംഗ് ആന്റ്ഫിക്സിംഗ് Regatta 50 users പോളിമർ സെപ്റ്റിക് ടാങ്ക് മൂന്ന് എണ്ണം ശ്രീ വെങ്കിടേശ്വര ഏജൻസീസ് തുറവൂർ എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നമ്പർ 318/24.3.2015 പ്രകാരം 14.5% നികുതി ഉൾപ്പെടെ 163500/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ആയതിന് മേൽ ബിൽ പ്രകാരം മൂന്ന് ടാങ്കിന് 133380/- രൂപയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് 3900/- ലോഡിംഗ്, അൺലോഡിംഗ്, ഹാന്റ്ലിംഗ് ചാർജ്ജ് 3600/-, നികുതി 22620/-

എന്നിങ്ങനെയാണ് 163500/- രൂപ ടി ഏജൻസീസ് ഈടാക്കിയിട്ടുള്ളത്. എല്ലാൽ ഈ സ്ഥാപനത്തിന്റെ ബിൽ പ്രകാരം ടാങ്കിന് 14.5% നികുതിയായി 22,620/- രൂപ കണക്കാക്കിയിരിക്കുന്നത് തെറ്റാണ്. നികുതി 19340/- രൂപ കണക്കാക്കുന്നതിന് പകരം തെറ്റായി 22620/- കണക്കാക്കിയതുമൂലം 3280/- രൂപ അധികം നൽകിയിട്ടുണ്ട്.

കൂടാതെ മൂല്യ നിർണ്ണയം നടത്തിയപ്പോൾ ആകെ ചെയ്ത മൂല്യത്തോടൊപ്പം 5% വാറ്റ് കണക്കാക്കുകയാണ് ചെയ്തിട്ടുള്ളത്. ടി. സെപ്റ്റിക് ടാങ്കിന് ഒരുതവണ നികുതി കൊടുത്തിട്ടുള്ളതാണെന്നിരിക്കെ ഇതിന്റെ മൂല്യ കുറവ് ചെയ്യാതെ ആകെ തുകയ്ക്കും നികുതി കണക്കാക്കിയതുമൂലം ഈയിനത്തിൽ 8175/-, (163500 x 5%) രൂപ അധികം ചെലവായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി തുക ഫൈനൽ ബില്ലിൽ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ച വിധം അധികം നൽകിയ 11455 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-32 ഭവന പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി ആനുകൂല്യം കൈപ്പറ്റിയവർ വീട് പുനരുദ്ധരിക്കുന്നതിന് പകരം വീട്/ ബാത്ത് റൂം നവീകരിച്ചതായി കാണുന്നു.

LSGD ഓവർസിയർ നൽകുന്ന മൂല്യനിർണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രോജക്ട് പ്രകാരം ധനസഹായം നൽകിയിട്ടുള്ളത്. ഇതിനായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഗുണഭോക്താവിന് ചെലവാകുന്ന തുകയുടെ ഭൂരിഭാഗം തുകയും വീടിന്റെ തറയിലും ബാത്ത്റൂമിന്റെ തറയിലും ഭിത്തിയിലും ടൈൽ പതിക്കുന്നതിനാണ് ചെലവായിട്ടുള്ളത്. ഇതിൽ നിന്നും ഭവന പുനരുദ്ധാരണത്തിന് പകരം നവീകരണത്തിന് തുക അനുവദിക്കുന്നതായാണ് കാണുന്നത് . ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | ആനുകൂല്യം കൈപ്പറ്റിയ ആൾ | കൈപ്പറ്റിയ ധനസഹായം | പ്രധാനമായും ചെയ്ത പ്രവർത്തി |
|---|---|---|---|
| ഭവന പുനരുദ്ധാരണം (വിധവ) | സരസ മുരളീധരൻ, പാലത്തറ ഹൗസ് | 196849/30-12-15 Rs 10000/- 198168/04-03-16 Rs 15000/- | ബെഡ് റൂമിന്റെ തറ ടൈൽ ഇടലും ബാത്ത്റൂമിന്റെ തറയിലും ഭിത്തിയിലും ടൈൽ പതിക്കലുമാണ് ചെയ്തിരിക്കുന്നത്. |
| | സരസ്വതി, കൊച്ചുപറമ്പ് | 196721/30-12-15 Rs 10000/- 123028/02-04-16 Rs 15000/- | ബെഡ് റൂമിന്റെ തറയിൽ ടൈൽ ഇടൽ |
| | ഷൈല, പരുത്തിക്കാട്ട് | 196851/30-12-15 Rs 10000/- 19817004-03-16 Rs 15000/- | ബെഡ് റൂം ,സിറ്റ് ഔട്ടിന്റെ തറയിൽ ടൈൽ ഇടൽ |
| | മേബിൾ, പള്ളിപ്പറമ്പിൽ | 1969732/30-12-15 Rs 10000/- 123029/02-04-16 Rs 15000/- | അടുക്കളയുടെയും ബാത്ത്റൂമിന്റെയും തറയിലും ഭിത്തിയിലും ടൈൽ പതിക്കലാണ് ചെയ്തിരിക്കുന്നത്. |
| | രേണുക, മറ്റത്തിവെളി | 1969713/30-12-15 Rs 10000/- 198513/04-03-16 | അടുക്കളയുടെ തറ യിൽ ടൈൽ പതിക്കലാണ് ചെയ്തിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | Rs 15000/- | |
| ഭിന്നശേഷിയുള്ളവർക്ക് ഭവന പുനരുദ്ധാരണം (S0062/16 | ജോസഫ് , വാത്തേഴത്ത് അത്രർ പി.ഒ | 196978/31-12-15 രൂപ 10000/-<br>198223/05-03-16 രൂപ 15000/- | ഒരു ബെഡ് റൂമിന്റെ തറ ടൈൽ ഇടലും ബാത്ത്റൂമിന്റെ തറയിലും ഭിത്തിയിലും ടൈൽ പതിക്കലുമാണ് ചെയ്തിരിക്കുന്നത്. |
| ഭവന പുനരുദ്ധാരണം (ജനറൽ) | പൈലി മത്തായി, അറക്കപറമ്പിൽ, വാർഡ്-20 | 196921/31-12-15 രൂപ 10000/-<br>198299/09-03-16 രൂപ 15000/- | ഒരു ബെഡ് റൂമിന്റെ തറ ടൈൽ ഇടലും ബാത്ത്റൂമിന്റെ തറയിലും ഭിത്തിയിലും ടൈൽ പതിക്കലുമാണ് ചെയ്തിരിക്കുന്നത്. |

ഉപ്പ് നിൽക്കുന്ന പ്രദേശമായതിനാൽ ഈട് നിൽക്കുന്നതിന് വേണ്ടിയാണ് ടൈൽ ഇട്ടിരിക്കുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത്. വീടിന്റെ അറ്റകുറ്റപ്പണി നടത്തി പുനരുദ്ധരിക്കുന്നതിന് പകരം വീടിന്റെയും ബാത്തൂമിന്റേയും നവീകരണത്തിന് തുക അനുവദിച്ചത് ശരിയല്ല. അർഹതയുള്ളവർക്ക് മാത്രം പദ്ധതിയാനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധനാ വിവരം

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ (എം.എസ്)152/11/തസ്വഭവ തീ: 26.07.2011) നടപ്പാക്കിയിട്ടില്ല.
2. വാർഷിക ധനകാര്യപത്രിക പ്രകാരം (ഷെഡ്യൂൾ I-3) പഞ്ചായത്തിന്റെ കെട്ടിട വാടക ഇനത്തിലെ ഡിമാൻഡ് 4,81,037/- ആണ്. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ഡിമാൻഡ് 6,90,460/- രൂപയാണ്.
3. പഞ്ചായത്തിന്റെ വരവ്-ചെലവ് കണക്കുകളിൽ എൻ.ആർ.ഇ.ജി.സ്കീമിന്റെ ഇ.എഫ്.എം.എസ്. വഴിയുള്ള വരവ്-ചെലവ് തുകയായ 1,97,70,000/- രൂപ ഉൾപ്പെടുത്തിയിട്ടില്ല.
4. വസ്തു നികുതി, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി, ലേലം എന്നിവയുടെ ഡിമാൻഡ്, കുടിശ്ശിക ഡിമാൻഡ് രജിസ്റ്ററുകൾ തയാറാക്കി സൂക്ഷിച്ചിട്ടില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 222600 | 27400 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 468025 | ശാരീരിക മാനസിക | 440625 | 27400 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 50000 | പാലിയേറ്റീവ് കെയർ | 0 | 50000 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 15000 | കേരളോൽസവം | 0 | 15000 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | തുക | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|---|
| 1. | സുഗുണൻ | ഇലഞ്ഞിത്തറ റോഡ് റീ ടാറിംഗ് | 100000 | 50000 | 50000 |
| 2 | പി.വി.മോഹനൻ | ധർമ്മേക്കാട് അറുകൊല അമ്പലം റോഡ് ടാറിംഗ് | 60000 | 30000 | 30000 |
| 3 | കെ.സി വർഗ്ഗീസ് | മനോരമ തോട്ടങ്കര വെള്ളക്കെട്ട് നിവാരണം | 75000 | 37500 | 37500 |
| 4 | ജോഷിമോൻ | സുബ്രഹ്മണ്യം ക്ഷേത്രം റോഡ് റീ ടാറിംഗ് | 60000 | 30000 | 30000 |
| 5 | സേവ്യർ | എൻ.എച്ച് - സുബ്രഹ്മണ്യംറോഡ് റീ ടാറിംഗ് | 50000 | 25000 | 25000 |
| 6 | ത്രിദീപ് | കൊച്ചിൻ ഓയിൽ മിൽ നടപ്പാത കോൺക്രീറ്റിംഗ് | 50000 | - | 50000 |
| 7 | ഫെബിൻ | കപ്പല്ങ്കൽ കായൽ തീരം റോഡ് ടാറിംഗ് | 75000 | 37500 | 37500 |
| 8 | മധുസൂദനപ്പണിക്കർ | വെള്ളേക്കാട്ട്-മാത്തിപ്പറമ്പ് റോഡ് ടാറിംഗ് | 100000 | 0 | 100000 |
| 9 | ലെനിൻ | അംഗൻവാടി കെട്ടിടം | 25000 | 12500 | 12500 |
| 10 | ദിനേശ്കുമാർ | ഹോമിയോ ആശുപത്രിക്ക് മേൽക്കൂര നിർമ്മാണം,മെയിന്റനൻസ് | 100000 | 0 | 100000 |
| 11 | കൃഷ്ണൻകുട്ടി | മണിയന്തറ-തിരുത്താണിപ്പാടം നടപ്പാലം | 37500 | 0 | 37500 |
| 12 | ബാബു, വേഴക്കാട്ടുലവെളി | പഞ്ചായത്ത് കളിസ്ഥലം ചുറ്റുമതിൽ | 100000 | 0 | 100000 |
| 13 | ബെന്നി | പുന്നാത്തറ റോഡ് ടാറിംഗ് | 75000 | 37500 | 37500 |
| 14 | കെ.എസ് ദിലീപ് | കുമ്മങ്ങാട്ട് നടപ്പാത നിർമ്മാണം | 100000 | 50000 | 50000 |
| 15 | അനന്തൻ | പഴക്കാത്ത് ചക്യാമുറി ഫെറി റോഡ് | 100000 | 50000 | 50000 |

| | | | | | |
|---|---|---|---|---|---|
| | | ടാറിംഗ് | | | |
| 16 | മോഹനൻ, കോതാട്ട്ചിറ | അംഗൻവാടി ചുറ്റുമതിൽ വാർഡ് 21 | 37500 | 0 | 37500 |

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 18306726 |
| തൻവർഷം നിക്ഷേപിച്ച തുക | 29413009 |
| ആകെ | 47719735 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 28237694 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 19482041 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| | |
|---|---|
| എസ്.ബി.റ്റി. അരൂർ | 1164455 |
| എഴുപുന്ന സർവ്വീസ് സഹകരണ ബാങ്ക് | 3452625 |
| എഴുപുന്ന സർവ്വീസ് സഹകരണ ബാങ്ക് | 2127945 |
| ഡി.സി.ബി, അരൂർ | 55699945 |
| ഡി.സി.ബി, അരൂർ | 3447077 |
| ഡി.സി.ബി, അരൂർ | 3589994 |
| ആകെ | 19482041 |

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6400- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2012-2013 | പാര 3(3) | 6400 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 114504105807/ 22.12.2015 |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 101261544.80 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 119849125 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 104904 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2123134 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 8729 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-12 | | 75000 | ശ്രീമതി. ശോഭ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | | 6000 | ശ്രീമതി ശോഭ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-19 | | 8000 | ഡോ.മനോജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-30 | | 7175 | കെ. ഹരിലാൽ, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | | 104904 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1831451 | ശ്രീ.എസ്.വേണഗോപാൽ, സെക്രട്ടറി - 14500/- രൂപ<br>ശ്രീ.ജോജോസ് ബൈജു, സെക്രട്ടറി - 1816951/- രൂപ |
| 3-8 | 65000 | ശ്രീ.എസ്. വേണഗോപാൽ, സെക്രട്ടറി |
| 3-11 | 40000 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-16 | 40000 | ശ്രീ. വൈ. ഉണ്ണിക്കുട്ടൻ, VEO, ചന്തിരൂർ |
| 3-17 | 20000 | ശ്രീ.K.A.അനിൽകുമാർ, VEO, അരൂർ സെൻട്രൽ |
| 3-23 | 71250 | ശ്രീമതി. സീതാലക്ഷ്മി.ബി.എസ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 3-25 | 14607 | ശ്രീ.കെ.ഹരിലാൽ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-28 | 10251 | ശ്രീ.കെ.ഹരിലാൽ , അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-29 | 19120 | ശ്രീ.കെ.ഹരിലാൽ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-31 | 11455 | ശ്രീ.എൻ.എൻ അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 2123134 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.വേണുഗോപാൽ,<br>സെക്രട്ടറി | സെക്രട്ടറി,<br>കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | ഡി.എസ്.നിലയം<br>എഴുപുന്ന തെക്ക് പി.ഒ<br>കോടംതുരുത്ത് |
| ഡോ.മനോജ്,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, അരൂർ (അവധിയിൽ) | ദേവകി നിലയം,<br>CMC -9 ചേർത്തല |
| ജോജോസ് ബൈജു , സെക്രട്ടറി | സെക്രട്ടറി ,<br>അരൂർ ഗ്രാമപഞ്ചായത്ത് | അപ്പത്തറ,<br>പാതിരപ്പള്ളി, പി.ഒ |
| ശ്രീമതി. സീതാലക്ഷ്മി.ബി.എസ്,<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ,<br>അരൂർ | വെമ്പ്രക്കാട്ട്, 18/515,<br>പള്ളുരുത്തി, കൊച്ചി– 6 |
| ശ്രീ.എൻ.എൻ.അനിൽകുമാർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | തയ്യിൽ ഹൗസ്,<br>പട്ടണക്കാട് പി.ഒ |
| ശ്രീമതി. കെ.ശോഭ,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>അരൂർ ഗ്രാമ പഞ്ചായത്ത് | ശ്രേയസ്സ്,<br>എരമല്ലൂർ പി.ഒ,<br>ആലപ്പുഴ |
| ശ്രീ. കെ.എ അനിൽകുമാർ<br>വി.ഇ.ഒ, അരൂർ സെൻട്രൽ | വി.ഇ.ഒ,<br>അരൂർ ഗ്രാമപഞ്ചായത്ത് | കളപ്പുരക്കൽവെളി,<br>അരൂർ പി.ഒ |
| ശ്രീ.വൈ.ഉണ്ണിക്കുട്ടൻ,<br>വി.ഇ.ഒ, ചന്തിരൂർ | വി.ഇ.ഒ ചന്തിരൂർ | കടവിൽ ഹൗസ്,<br>പൂച്ചാക്കൽ പി.ഒ |
| കെ.ഹരിലാൽ,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>നീലംപേരൂർ ഗ്രാമപഞ്ചായത്ത് | ആറന്മുളേപ്,<br>പറക്കര. പി. ഒ,<br>അടൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ജി.എ 9-751(1)/99 |
| 1996-97 വരവ് | എൽ.എഫ്.ജി.എ 9-704/02തീയതി. 13.11.02/19.06.03 |
| 1997-98 ചെലവ് | എൽ.എഫ്.ജി.എ 6-774(1)/00 തീയതി. 06.06.01/08.08.01 |

| | |
|---|---|
| 1997-98 വരവ് | എൽ.എഫ്.ജി.എ 9-951/02 തീയതി. 06.11.02 |
| 1998-99 ചെലവ് | എൽ.എഫ്.ജി.എ 9-697/02 തീയതി. 21.03.03 |
| 1998-99 വരവ് | എൽ.എഫ്.ജി.എ 9-97/03 തീയതി. 17.09.03/07.10.03 |
| 1999.00 വരവ് | എൽ.എഫ്.ജി.എ 9-98/03 തീയതി. 17.09.03/10.10.03 |
| 2000-01 | എൽ.എഫ്.ജി.എ 8-863/08 തീയതി. 22.07.08/04.10.08 |
| 2001-02 വരവ് | എൽ.എഫ്.ജി.എ 8-1363/07 തീയതി. 02.02.09 |
| 2001-02 ചെലവ് | എൽ.എഫ്.ജി.എ 8-888/08 തീയതി. 25.07.08 |
| 2002-03 | എൽ.എഫ്.ജി.എ 8-419/09 തീയതി. 02.04.09 |
| 2003-04 | എൽ.എഫ്.ജി.എ 8-1365/07 തീയതി. 19.10.08 |
| 2004-05 | എൽ.എഫ്.ജി.എ 8-60/08 തീയതി. 06.11.08 |
| 2005-06 | എൽ.എഫ്.ജി.എ 8-161/08 തീയതി. 16.11.08 |
| 2007-08, 2008-09 | എൽ.എഫ്.ജി.എ 5-1577/13 തീയതി. 09.05.2014 |
| 2009-10 | എൽ.എഫ്.ജി.എ 5--1577/13 തീയതി. 09.05.2014 |
| 2010-11, 2011-12 | എൽ.എഫ്.ജി.എ 5--1577/13 തീയതി. 09.05.2014 |
| 2012-13 | എൽ.എഫ്.ജി.എ പി2-243/2015 തീയതി. 05.06.15/30.06.15 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി2-1038/15, തീയതി - 02.11.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി2-783/16 തീയതി. 16.07.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

കെ.എസ്.എ-എ.എൽ.പി-പി2-1252/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി – 09.11.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിലെ ഭാഗം 4, ഖണ്ഡിക 4-1 ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

KSA-ALP-PS2-1252/16

Kerala State Audit Department,
District Audit Office, Alappuzha
Date – 09.11.2016
Phone – 0477 2252753
E-mail – ddhglfalpy@gmail.com

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Aroor Grama panchayat in Alappuzha district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Aroor Grama panchayat for the year 2015-16 except the observations in audit report, Part 4 – Para 4-1 properly presents the picture of income and expenditure.

Deputy Director